VOL NO: 10 I ISSUE 29

# നേർപഥം
വാരിക

www.nerpatham.com I mail@nerpatham.com
2026 JULY 18 I ₹10



# വെറുപ്പിന്റെ 'ലണ്ടൻ ദഹനം!'

സംവാദങ്ങൾക്ക് പേരുകേട്ട ഇടമാണ് ലണ്ടനിലെ സ്പീക്കേഴ്സ് കോർണർ. അവിടേക്കാണ് ഓൺലൈനിൽ സാധാരണക്കാരോട് ഫോൺ ചെയ്ത് സംവദിച്ചു മാത്രം പരിചയമുള്ള ഒരു മലയാളി വിദ്വേഷ യൂട്യൂബർ കടന്നു ചെല്ലുന്നത്. ജീവിതത്തിൽ ആദ്യമായി ഒരു മുസ്‌ലിം പണ്ഡിതന്റെ മുന്നിൽ ചെന്നുപെട്ടതും കളവു പിടിക്കപ്പെട്ടപ്പോൾ അയാൾ  വിയർക്കുന്നതും ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. വിദ്വേഷ പ്രചാരകർക്കും അത് വിഴുങ്ങുന്നവർക്കുമുള്ള പേടിപ്പെടുത്തുന്ന ഓർമയായി മാറിയിരിക്കുകയാണ് ഈ അനിവാര്യമായ പതനം.

**ദുരന്തങ്ങൾ: വീക്ഷണങ്ങളിലെ വൈജാത്യങ്ങൾ**

---

**ഖവാരിജുകളുമായുള്ള സംവാദം!**

---

**സ്വന്തം നിസ്സാരത തിരിച്ചറിയുക**

ഡോ. അബ്ദുല്ല ബാസിൽ • ഡോ. സലീല • ടി.കെ അശ്റഫ്




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

495
# നേർപഥം വാരിക
2026 ജൂലൈ 18
1448 സ്വഫർ 04
പുസ്തകം 10 / ലക്കം 29

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Mohammed Ajmal C**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**







ഡോ. അബ്ദുല്ല ബാസിൽ

സംവാദങ്ങൾക്ക് പേരുകേട്ട ഇടമാണ് ലണ്ടനിലെ സ്പീക്കേഴ്സ് കോർണർ. അവിടേക്കാണ് ഓൺലൈനിൽ സാധാരണക്കാരോട് ഫോൺ ചെയ്ത് സംവദിച്ചു മാത്രം പരിചയമുള്ള ഒരു മലയാളി വിദ്വേഷ യുട്യൂബർ കടന്നു ചെല്ലുന്നത്. ജീവിതത്തിൽ ആദ്യമായി ഒരു മുസ്‌ലിം പണ്ഡിതന്റെ മുന്നി ൽ ചെന്നുപെട്ടതും കളവു പിടിക്കപ്പെട്ടപ്പോൾ അയാൾ വിയർക്കുന്നതും ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. വിദ്വേഷ പ്രചാരകർക്കും അത് വിഴുങ്ങുന്നവർക്കുമുള്ള പേടിപ്പെടുത്തുന്ന ഓർമയായി മാറിയിരിക്കുകയാണ് ഈ അനിവാര്യമായ പതനം.

04
ആത്മവിചാരം
ജീവിത പരീക്ഷണങ്ങളും തലമുറകളുടെ സംരക്ഷണവും
ഹാരിസ് ബിൻ സലീം

05
മുഖമൊഴി
സ്വന്തം നിസ്സാരത തിരിച്ചറിയുക

06
ലേഖനം
ഗസ്സയിൽ വിജയിച്ചതാര്?
ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

08
പഠനം
ആരാണ് 'സുന്നികൾ' എന്നറിയപ്പെടുന്നത്?
ഹാരിസ് ബിൻ സലീം

16
ലേഖനം
ഉമീദ് പോർട്ടൽ ഉയർത്തുന്ന ആശങ്കകൾ
സൈനബ് ബിൻത് ഫർഹാൻ

18
ലേഖനം
യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും
സി മുഹമ്മദ് അജ്മൽ

22
ആരോഗ്യപഥം
ഭക്ഷണവും ആരോഗ്യവും
ഡോ. സലീല കെ, കോട്ടക്കൽ

24
ലേഖനം
ഖവാരിജുകളുമായുള്ള സംവാദം!
ശമീർ മദീനി

26
പഠനം
ദുരന്തങ്ങൾ: വീക്ഷണങ്ങളിലെ വൈജാത്യങ്ങൾ
ടി.കെ അശ്റഫ്

32
ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

34
ബാലപഥം
പൂപോലുള്ളൊരു പൂമ്പാറ്റ
നസീമ വാടാനപ്പള്ളി
തിരിച്ചറിവിന്റെ വെളിച്ചം
ഹലീമ ബിൻത് ഇഅ്ജാസ്

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ജീവിത പരീക്ഷണങ്ങളും തലമുറകളുടെ സംരക്ഷണവും

## ഹാരിസ് ബിൻ സലീം

മനുഷ്യജീവിതം നിരന്തരമായ പരീക്ഷണങ്ങളുടെ വേദിയാണ്. നമ്മുടെ വിശ്വാസത്തിൽനിന്നും ആദർശത്തിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്ന ഏതൊരു സാഹചര്യവും വലിയ പരീക്ഷണമാണ് (ഫിത്ന). ഇത്തരം പ്രതിസന്ധികളിൽ പതറാതെ, അല്ലാഹുവിന്റെ കൽപനകൾ പാലിച്ച് ജീവിക്കാൻ സാധിക്കുക എന്നതാണ് ഒരു സത്യവിശ്വാസിയുടെ ഏറ്റവും വലിയ വിജയം. വിശുദ്ധ ക്വുർആനിലെ 'സൂറത്തുൽ കഹ്ഫ്' പ്രധാനമായും മനുഷ്യജീവിതത്തിലെ നാല് സുപ്രധാന പരീക്ഷണങ്ങളെക്കുറിച്ചാണ് നമ്മെ ഓർമപ്പെടുത്തുന്നത്.

ഏകദൈവ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ സ്വന്തം നാട്ടിലെ ഭരണാധികാരികളിൽ നിന്ന് വധഭീഷണി നേരിട്ടിട്ടും വിശ്വാസത്തിൽ നിന്ന് പിന്നോട്ട് പോകാത്ത ഗുഹാവാസികളായ (അസ്ഹാബുൽ കഹ്ഫ്) യുവാക്കളുടെ ചരിത്രം വിശ്വാസരംഗത്തെ പരീക്ഷണങ്ങളെ എങ്ങനെ നേരിടണം എന്ന് പഠിപ്പിക്കുന്നു. അല്ലാഹുവിൽ പൂർണമായി ഭരമേൽപിച്ച അവർക്ക്, മൂന്ന് നൂറ്റാണ്ടുകാലം ഗുഹയിൽ സുരക്ഷിതമായ ഉറക്കം നൽകി അല്ലാഹു കാത്തുരക്ഷിച്ചു. സമ്പത്തിലുള്ള പരീക്ഷണമാണ് ക്വുർആൻ വ്യക്തമാക്കുന്ന മറ്റൊരു കാര്യം. സമ്പത്തും സൗകര്യങ്ങളും വർധിക്കുമ്പോൾ മനുഷ്യൻ അഹങ്കാരിയാവുകയും സ്രഷ്ടാവിനെ മറക്കുകയും ചെയ്യാറുണ്ട്. വിശാലമായ കൃഷിയിടങ്ങളും സമ്പത്തും ലഭിച്ചപ്പോൾ പരലോകത്തെ നിഷേധിച്ച തോട്ടം ഉടമയുടെ കഥയിലൂടെ, അഹങ്കാരം കാരണം അയാളുടെ സമ്പത്ത് മുഴുവൻ നശിച്ചുപോവുകയും ആ പരീക്ഷണത്തിൽ അയാൾ പരാജയപ്പെടുകയും ചെയ്തത് ക്വുർആൻ വരച്ചുകാട്ടുന്നു. മൂസാ നബി(അ)യും അല്ലാഹു പ്രത്യേകമായ ജ്ഞാനം നൽകിയ ഖിള്‌റും(അ) തമ്മിലുള്ള അറിവിലുള്ള പരീക്ഷണമാണ് ക്വുർആൻ ഓർമിപ്പിക്കുന്ന മറ്റൊരു കാര്യം. കാണുന്ന കാര്യങ്ങളുടെ ബാഹ്യമായ അർഥങ്ങൾക്കപ്പുറം അല്ലാഹുവിന്റെ വലിയ ചില തീരുമാനങ്ങൾ അതിലുണ്ടെന്നും അറിവ് ലഭിക്കുമ്പോൾ വിനയാന്വിതരാകുകയും ക്ഷമ കാണിക്കുകയും ചെയ്യണമെന്നുമുള്ള പാഠമാണ് ഇത് നൽകുന്നത്.

അധികാരം ലഭിക്കുന്നത് മനുഷ്യന്റെ സ്വഭാവത്തെ മാറ്റുകയും അവനെ ധിക്കാരിയാക്കുകയും ചെയ്യാറുണ്ട് എന്നതാണല്ലോ അധികാരത്തിലുള്ള പരീക്ഷണം. എന്നാൽ ലോകം മുഴുവൻ അടക്കിഭരിച്ച നീതിമാനായ ഭരണാധികാരിയായിരുന്നു ദുൽഖർനൈൻ രാജാവ്, തനിക്ക് ലഭിച്ച അധികാരവും സൗകര്യങ്ങളും അല്ലാഹു നൽകിയതാണെന്ന് അദ്ദേഹം വിശ്വസിച്ചു. ജനങ്ങളെ ദ്രോഹിക്കുന്ന 'യഅ്ജൂജ്-മഅ്ജൂജ്' എന്ന അക്രമകാരികളിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ പ്രതിഫലേച്ഛയില്ലാതെ അദ്ദേഹം വലിയൊരു ഇരുമ്പ് മതിൽകെട്ടി സംരക്ഷണം ഒരുക്കി. അധികാരം ലഭിക്കുമ്പോൾ അത് ജനങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കണം എന്നാണ് ഈ ചരിത്രം നൽകുന്ന സന്ദേശം.

അധികാരവും സമ്പത്തും സ്ഥാനമാനങ്ങളുമൊക്കെ അല്ലാഹു നൽകുന്നതാണ്. അത് സ്വന്തം കഴിവ് കൊണ്ടാണെന്ന് വിശ്വസിച്ച ഖാറൂനെ അല്ലാഹു മണ്ണിൽ ആഴ്ത്തിക്കളഞ്ഞു. എന്നാൽ സുലൈമാൻ നബി(അ)യും ദുൽഖർനൈൻ രാജാവും തങ്ങളുടെ നേട്ടങ്ങളെ അല്ലാഹുവിന്റെ കാരുണ്യമായി കണ്ടു. അധികാരമുള്ളവർ അത് ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ വിനിയോഗിക്കണം. അധികാരം ജനങ്ങളെ ദ്രോഹിക്കാൻ ഉപയോഗിക്കുന്നവർക്ക് അല്ലാഹുവിന്റെ കടുത്ത ശിക്ഷയുണ്ടാകുമെന്ന് പ്രവാചകൻ(സ്വ) താക്കീത് ചെയ്തിട്ടുണ്ട്. ഈ ചരിത്രപാഠങ്ങൾ ഉൾക്കൊള്ളുന്നതിനൊപ്പം നാം ഏറ്റവും കൂടുതൽ ചിന്തിക്കേണ്ടത് നമ്മുടെ പുതിയ തലമുറയെക്കുറിച്ചാണ്. ഇന്ന് നമ്മുടെ ചുറ്റുപാടുകൾ വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ലഹരിയുടെയും മറ്റ് തിന്മകളുടെയും ഭയാനകമായ വലയത്തിലേക്ക് നമ്മുടെ യുവത്വം വഴുതിവീഴുന്നു. സ്വന്തം വീടുകളിൽ, സ്വന്തം സഹോദരങ്ങളിൽനിന്ന് പോലും പെൺകുട്ടികൾക്ക് സുരക്ഷിതത്വമില്ലാത്ത വിധം ലഹരി മനുഷ്യന്റെ സമനില തെറ്റിക്കുന്ന വാർത്തകൾ നാം കേൾക്കുന്നു.

ഈ പ്രതിസന്ധിയെ മറികടക്കാൻ ഒരേയൊരു മാർഗമേയുള്ളൂ; നമ്മുടെ മക്കൾക്ക് ശരിയായ ധാർമിക ബോധം നൽകുക. നന്മ ചെയ്താൽ ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും തിന്മ ചെയ്താൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും അവരെ നിരന്തരം ഉത്ബോധിപ്പിക്കണം. മദ്റസാ പഠനത്തിന് ശേഷം അവരുടെ ജീവിതത്തിൽ നന്മകൾ പഠിക്കാനുള്ള സാഹചര്യങ്ങൾ നാം സൃഷ്ടിക്കേണ്ടതുണ്ട്.

# സ്വന്തം നിസ്സാരത തിരിച്ചറിയുക

മനുഷ്യൻ എത്രയധികം വിജ്ഞാനവും കഴിവുകളും നേടിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മഹാപ്രപഞ്ചത്തിലെ ഒരു ചെറിയ ജീവി മാത്രമാണവൻ. എന്നാൽ മറ്റു ജീവികളെക്കാൾ മനുഷ്യനൊരു സവിശേഷതയുണ്ട്. അതാണ് വിശേഷബുദ്ധി. ഈ ബുദ്ധി ഉപയോഗിച്ചുകൊണ്ട് മനുഷ്യൻ പലതും കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ ഈ ഭൂമിയിലുള്ള വസ്തുക്കളിൽ രൂപമാറ്റം വരുത്തുവാനല്ലാതെ പുതുതായി ലോകത്ത് എന്തെങ്കിലും സൃഷ്ടിക്കുവാൻ മനുഷ്യർക്ക് കഴിയില്ല. ഈ പ്രപഞ്ചത്തിൽ അല്ലാഹു സൃഷ്ടിച്ചുവെച്ച പലതരത്തിലുള്ള അത്ഭുതങ്ങളും മനുഷ്യൻ ചിന്തിച്ചു പഠിച്ച് അൽപാൽപമായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു എന്നു മാത്രം. ഇതിനാണ് ശാസ്ത്രീയ നേട്ടങ്ങൾ എന്നു പറയുന്നത്.

ഇത്തരം അറിവുകൾ അഹങ്കാരമില്ലാത്ത ജനങ്ങൾക്ക് ദൈവവിശ്വാസം വർധിപ്പിക്കുകയാണ് ചെയ്യുക. അല്ലാഹു പറയുന്നു: “തീർച്ചയായും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും ബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. അതായത് നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ ഓർമിക്കുന്നവർക്കും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുന്നവർക്കും. ഞങ്ങളുടെ രക്ഷിതാവേ, ഇതൊന്നും നീ വെറുതെ പടച്ചതല്ല. നീ മഹാപരിശുദ്ധൻ തന്നെ. അതിനാൽ ഞങ്ങളെ നീ നരക ശിക്ഷയിൽനിന്നും കാത്തുരക്ഷിക്കേണമേ എന്ന് അവർ പറയും”(ക്വുർആൻ 3:191, 192).

വിനയവും വിജ്ഞാനവും ഉള്ളവർക്കേ അല്ലാഹുവിനെ ശരിയായി മനസ്സിലാക്കുവാൻ കഴിയൂ. നമ്മെ സൃഷ്ടിച്ചുണ്ടാക്കിയ പോലെ അവൻ നമ്മെ മരിപ്പിക്കും. ശേഷം അവൻ നമ്മെ പുനരുജ്ജീവിപ്പിക്കും. അങ്ങനെ നന്മ ചെയ്തവർക്ക് അതിന്റെ പ്രതിഫലവും തിന്മ ചെയ്തവർക്ക് അതിന്റെ ഫലവും ലഭിക്കും. അതിനാൽ നാമെല്ലാവരും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടും അവനെയും അവന്റെ റസൂലിനെയും അനുസരിച്ചുകൊണ്ടും ജീവിക്കേണ്ടതുണ്ട്. ഇതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന അടിസ്ഥാന പാഠം.

എന്നാൽ എല്ലാവിധ മാനുഷികമായ ഉത്തരവാദിത്തങ്ങളിൽനിന്നും ഒളിച്ചോടി, കേവലം ആത്മീയ ജീവിയായി കാലം തള്ളിനീക്കാൻ ഇസ്‌ലാം കൽപിക്കുന്നില്ല. അധ്വാനിക്കണം, കുടുംബജീവിതം നയിക്കണം, സ്രഷ്ടാവിനോടുള്ള കടമകൾ നിർവഹിക്കുന്നതോടൊപ്പം സഹജീവികളോടുള്ള കടമയും നിറവേറ്റണം. എന്നാൽ അത്യന്തിക ലക്ഷ്യം ഐഹികവിഭവ സമാഹരണവും സുഖാസ്വാദനവുമായിരിക്കരുത്. മരണത്തെ മറന്നുകൊണ്ട് ഭൗതിക ജീവിതത്തോട് അത്യാസക്തി കാണിക്കുന്നത് ഇസ്‌ലാം വെറുക്കുന്നു. സ്രഷ്ടാവ് നൽകിയ ഏതേത് അനുഗ്രഹങ്ങളുണ്ടോ അതുകൊണ്ടെല്ലാം സ്രഷ്ടാവിന്റെ പ്രീതി സമ്പാദിക്കാനാണ് മനുഷ്യൻ പരിശ്രമിക്കേണ്ടത്. അല്ലാഹു പറയുന്നു: “അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോക വിജയം തേടുക. ഐഹിക ജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതുപോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല” (28:77).

സ്രഷ്ടാവിന്റെ ആജ്ഞാനിർദേശങ്ങൾ മുഴുവനും അനുസരിക്കാൻ മനുഷ്യൻ പ്രതിജ്ഞാബദ്ധനാണ്. മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം സ്രഷ്ടാവിനെ മാത്രം ആരാധിക്കുക എന്നതാണ്. അല്ലാഹു പറയുന്നു: “ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ” (2:21).

“അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരം ചെയ്യാത്തതും ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും” (10:106).



# ഗസ്സയിൽ വിജയിച്ചതാര്?

ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
: 9497385707

ഗസ്സയിൽ ഏകദേശം രണ്ടു പതിറ്റാണ്ടിലേറെ നേതൃത്വം വഹിച്ചിരുന്ന ഹമാസ്, തങ്ങളുടെ ഗവൺമെന്റൽ എമർജൻസി കമ്മിറ്റി പിരിച്ചുവിടുകയും ഭരണച്ചുമതല സാങ്കേതിക വിദഗ്ധർ അടങ്ങുന്ന ദേശീയ ഭരണസമിതിക്ക് കൈമാറുകയും ചെയ്യുമെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇസ്രായേൽ അധിനിവേശത്തിന് കാരണമാകുന്ന എല്ലാ കാരണങ്ങളും ഇല്ലാതാക്കുകയും ഗസ്സയിലെ ജനങ്ങൾക്ക് ദുരിതത്തിൽനിന്ന് മോചനം ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയുമാണ് ഈ തീരുമാനത്തിന്റെ ലക്ഷ്യമെന്ന് ഹമാസ് നേതൃത്വം വിശദീകരിക്കുന്നു.

ഈ പ്രഖ്യാപനം ഭരണപരമായ ഒരു മാറ്റം മാത്രമല്ല; കഴിഞ്ഞ നിരവധി വർഷങ്ങളായി ഗസ്സയിലെ സായുധ പോരാട്ടത്തെക്കുറിച്ച് ലോകമെമ്പാടും പ്രചരിപ്പിക്കപ്പെട്ട രാഷ്ട്രീയ ആഖ്യാനങ്ങളുടെ പുനർമൂല്യ നിർണയത്തിനുള്ള ചരിത്രപരമായ അവസരം കൂടിയാണ്.

ഗസ്സയിലെ യുദ്ധത്തിന്റെ ആദ്യദിവസം മുതൽതന്നെ അനേകം നിരീക്ഷകരും രാഷ്ട്രീയ വിശകലനക്കാരും മുന്നറിയിപ്പ് നൽകിയിരുന്നു; ഈ പോരാട്ടത്തിന്റെ ഏറ്റവും വലിയ ഇരകൾ നിരപരാധികളായ സാധാരണ ഫലസ്തീൻ ജനതയായിരിക്കുമെന്ന്. അതൊരു വികാരപരമായ വിലയിരുത്തലായിരുന്നില്ല; യുദ്ധത്തിന്റെ ചരിത്രം മാനവിക ലോകത്തെ പഠിപ്പിച്ച ഒരു യാഥാർഥ്യമായിരുന്നു. എന്നാൽ അന്ന് ഈ മുന്നറിയിപ്പുകൾ ഉന്നയിച്ചവരെ സിയോണിസ്റ്റുകളെന്നും ഇസ്രായേൽ അനുകൂലികളെന്നും മദ്ഖലികളെന്നും സൗദി അറേബ്യയുടെ ചരന്മാരെന്നും മുദ്രകുത്തി നിശ്ശബ്ദരാക്കാനാണ് പൊളിറ്റിക്കൽ ഇസ്‌ലാം മറക്ക് പിന്നിൽനിന്ന് നിയന്ത്രിക്കുന്ന പ്രചാരണകേന്ദ്രങ്ങൾ ശ്രമിച്ചത്.

**ഗസ്സയിലെ ജനങ്ങൾ ഇന്ന് ചോദിക്കുന്നത് വിജയത്തിന്റെ നിർവചനമല്ല; മറിച്ച് ജീവനോടെ തുടരാനുള്ള അവകാശമാണ്. അവർക്ക് വേണ്ടത് യുദ്ധത്തിന്റെ തുടർച്ചയല്ല; സമാധാനവും പുനർനിർമാണവും സുരക്ഷിതമായ ഭാവിയുമാണ്. രാഷ്ട്രീയ മുദ്രാവാക്യങ്ങൾ വിശപ്പ് മാറ്റുന്നില്ല. വികാരപ്രസംഗങ്ങൾ തകർന്നടിഞ്ഞ ആശുപത്രികൾ പുനർനിർമിക്കുന്നില്ല. സോഷ്യൽ മീഡിയയിലെ വീരവാദങ്ങൾ അനാഥരായ കുട്ടികൾക്ക് അവരുടെ പ്രിയപ്പെട്ട മാതാപിതാക്കളെയും സഹോദരങ്ങളെയും തിരിച്ചുകൊടുക്കുന്നുമില്ല.**

ഗസ്സയുടെ മണ്ണ് ഇന്ന് സാക്ഷ്യം വഹിക്കുന്നത് മറ്റൊരു യാഥാർഥ്യത്തിനാണ്. ആയിരക്കണക്കിന് ജീവനുകൾ പൊലിഞ്ഞു. അനേകം നിരപരാധികളായ കുട്ടികൾ കൊല്ലപ്പെട്ടു. പതിനായിരക്കണക്കിന് കുടുംബങ്ങൾ ഭവനരഹിതരായി. ആശുപത്രികളും സ്കൂളുകളും സർവകലാശാലകളും ആരാധനാലയങ്ങളും അവശിഷ്ടങ്ങളായി മാറി. പട്ടിണിയും രോഗവും അഭയാർഥിത്വവും ഗസ്സയുടെ ദൈനംദിന യാഥാർഥ്യമായി. അതിർത്തി കടന്ന് അനുദിനം ഇസ്രയേലിൽ പോയി വിയർപ്പൊഴുക്കി ഉപജീവനം നേടിയിരുന്ന പതിനായിരങ്ങൾ വിശപ്പടക്കാനാകാതെ മൃത്യുവരിച്ചു.

ഇത്രയും വലിയ മാനുഷിക ദുരന്തത്തിനൊടുവിൽ, ഭരണത്തിൽനിന്ന് പിന്മാറാനുള്ള പ്രഖ്യാപനമാണ് ഹമാസ് നടത്തുന്നത്. അപ്പോൾ ചോദിക്കപ്പെടേണ്ട അടിസ്ഥാനചോദ്യം ഇതാണ്: 'ഇത്രയധികം മനുഷ്യജീവിതങ്ങളുടെ വിലകൊടുത്ത് കൈവരിച്ച നേട്ടം എന്താണ്?'

ഇവിടെ ഏറ്റവും ഗൗരവമായി പരിശോധിക്കപ്പെടേണ്ട മറ്റൊരു വിഷയവുമുണ്ട്. യുദ്ധത്തിന്റെ മുഴുവൻ കാലഘട്ടത്തിലും ചില മീഡിയകളും രാഷ്ട്രീയ-മത പ്രചാരണവേദികളും വികാരോത്തേജകമായ ഭാഷയിലൂടെ ഈ പോരാട്ടത്തെ മഹത്ത്വവത്കരിക്കാൻ മത്സരിച്ചു. യാഥാർഥ്യങ്ങളെക്കാൾ മുദ്രാവാക്യങ്ങൾക്കും വിശകലനത്തെക്കാൾ വികാരത്തിനുമാണ് അവർ മുൻഗണന നൽകിയത്. യുദ്ധത്തിന്റെ ദുഃഖവും ദുരന്തവും മാനവിക നഷ്ടവും ചൂണ്ടിക്കാട്ടിയവരെ അപഹസിക്കുകയും സാമൂഹികമായി ഒറ്റപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തത് ആർക്കും മറക്കാനാവില്ല.

എന്നാൽ ചരിത്രം ഒടുവിൽ വിധി പറയുന്നത് മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിലല്ല. അത് മനുഷ്യജീവിത യാഥാർഥ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ഗസ്സയിലെ ജനങ്ങൾ ഇന്ന് ചോദിക്കുന്നത് വിജയത്തിന്റെ നിർവചനമല്ല; മറിച്ച് ജീവനോടെ തുടരാനുള്ള അവകാശമാണ്. അവർക്ക് വേണ്ടത് യുദ്ധത്തിന്റെ തുടർച്ചയല്ല; സമാധാനവും പുനർനിർമാണവും സുരക്ഷിതമായ ഭാവിയുമാണ്. രാഷ്ട്രീയ മുദ്രാവാക്യങ്ങൾ വിശപ്പ് മാറ്റുന്നില്ല. വികാരപ്രസംഗങ്ങൾ തകർന്നടിഞ്ഞ ആശുപത്രികൾ പുനർനിർമിക്കുന്നില്ല. സോഷ്യൽ മീഡിയയിലെ വീരവാദങ്ങൾ അനാഥരായ കുട്ടികൾക്ക് അവരുടെ പ്രിയപ്പെട്ട മാതാപിതാക്കളെയും സഹോദരങ്ങളെയും തിരിച്ചുകൊടുക്കുന്നുമില്ല.

ഗസ്സയുടെ ദുരന്തം മറ്റൊരു കഠിനസത്യം കൂടി ഓർമപ്പെടുത്തുന്നു. യുദ്ധം ആരംഭിക്കാൻ ആഹ്വാനം ചെയ്യുന്നവർ പലപ്പോഴും യുദ്ധഭൂമിയിൽ ഉണ്ടാകണമെന്നില്ല. എന്നാൽ അതിന്റെ ഏറ്റവും വലിയ വില നൽകുന്നത് എപ്പോഴും സാധാരണ ജനങ്ങളാണ്. സ്വന്തം വീടും കുടുംബവും ജീവിതോപാധിയും നഷ്ടപ്പെട്ട മനുഷ്യരുടെ കണ്ണീരിന് രാഷ്ട്രീയ വിശകലനവും മീഡിയാസ്കാനും പരിഹാരം നിർണയിക്കില്ല.

ഗസ്സയുടെ ഈ അധ്യായം അവസാനിക്കുന്നത് ഒരു പക്ഷത്തിന്റെ വിജയപ്രഖ്യാപനത്തിലല്ല. മറിച്ച് മനുഷ്യരാശിയുടെ ആകമാനം ആത്മപരിശോധനയിലായിരിക്കണം. യുദ്ധത്തെ പ്രണയിക്കുകയും സമാധാനത്തെ ദൗർബല്യമായി ചിത്രീകരിക്കുകയും ചെയ്യുന്ന എല്ലാ ചെറുതും വലുതുമായ പ്രസ്ഥാനങ്ങൾക്കും ആശയപ്രചാരണങ്ങൾക്കും ഗസ്സ ഒരു അതികഠിന പാഠമാണ്.

കർബലകൾ പല രൂപത്തിലും പല കാലത്തും ആവർത്തിക്കപ്പെട്ടതിന് ചരിത്രം സാക്ഷിയാണ്. എന്നാൽ ഓരോ ദുരന്തത്തിന്റെയും അവസാന അധ്യായം എഴുതപ്പെട്ടത് വിജയഘോഷങ്ങളാലല്ല. മറിച്ച് ശ്മശാനങ്ങളാലും തകർന്നടിഞ്ഞ

നഗരങ്ങളാലും അനാഥരായ കുഞ്ഞുങ്ങളുടെ കണ്ണീരാലുമാണ്. ഗസ്സയുടെ ഇന്നത്തെ ചിത്രം മനുഷ്യരാശിയെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠവും അതുതന്നെയാണ്. ഒരു രാഷ്ട്രീയ ലക്ഷ്യവും, ഒരു പ്രത്യയശാസ്ത്രവും, ഒരു സൈനിക തന്ത്രവും, ഒരു ജനതയുടെ സമ്പൂർണ നാശത്തെക്കാൾ ഒരിക്കലും വിലപ്പെട്ടതല്ല.

യുദ്ധത്തിന്റെ അവസാനം ആരാണ് വിജയിച്ചതെന്ന് രാഷ്ട്രീയവും ചരിത്രവും ഇനിയും തർക്കിച്ചേക്കാം. എന്നാൽ ഈ യുദ്ധത്തിൽ ഏറ്റവും വലിയ വില കൊടുത്തത് ആരാണെന്ന കാര്യത്തിൽ ഒരു തർക്കത്തിനും ഇടമില്ല. അത് ആയുധമേന്തിയ നേതാക്കളല്ല. അധികാരകേന്ദ്രങ്ങളിലിരുന്ന തീരുമാനമെടുത്തവരുമല്ല. ജി.സി.സിയിലും യൂറോപ്പിലും ശീതികരിച്ച പഞ്ചനക്ഷത്ര സൗധങ്ങളിലെ 'വാർ റൂമുകളിൽ' ഇരുന്ന് സ്വന്തം ഭാവിയെ സുരക്ഷിതമാക്കിയവരുമല്ല. മറിച്ച്, സ്വന്തം മക്കളെ നഷ്ടപ്പെട്ട മാതാപിതാക്കളും, മാതാപിതാക്കളെ നഷ്ടപ്പെട്ട കുഞ്ഞുങ്ങളും, വീടും നാടും ജീവിതോപാധിയും നഷ്ടപ്പെട്ട ഗസ്സയിലെ സാധാരണ ജനങ്ങളുമാണ്. യുദ്ധത്തിന്റെ യഥാർഥ പരാജിതരും ചരിത്രത്തിന്റെ ഏറ്റവും വലിയ ഇരകളും അവരാണ്.

ഈ അതിദാരുണമായ തോൽവിയെയും നാളെ ഇവിടുത്തെ കപട വിപ്ലവകാരികൾ 'ഹമാസിന്റെ തന്ത്രപരമായ വിജയം' എന്ന് വിളിച്ച് ആഘോഷിച്ചേക്കാം. കാരണം, ചിന്താശേഷി പണയംവെച്ച അണികൾക്ക് എന്തും വിഴുങ്ങാൻ മടിയുണ്ടാകില്ലല്ലോ. എന്നാൽ, തകർന്നടിഞ്ഞ ഗസ്സയിലെ സാധാരണ ജനങ്ങളുടെ കണ്ണീരിനും ശാപത്തിനും ഈ കപട പോരാളികൾ മറുപടി പറയേണ്ടി വരും എന്നതുറപ്പാണ്. ■

### ശീഇസം-ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 03



# ആരാണ് 'സുന്നികൾ' എന്നറിയപ്പെടുന്നത്?

ഡോ. ടി. കെ. യൂസുഫ്
: 9349798262

സുന്നത്ത് എന്ന പദത്തിന് വഴി, ചര്യ, മാർഗം എന്നൊക്കെയാണ് അർഥം; ചൊവ്വായ മാർഗം എന്നും അർഥമുണ്ട്. അഹ്‌ലുസ്സുന്ന എന്ന് പറയുമ്പോൾ ശരിയായ മാർഗത്തിൽ നിലകൊള്ളുന്നവർ എന്നാണ് അർഥം. റസൂലിന്റെ ചര്യക്കും 'സുന്നത്ത്' എന്നു തന്നെയാണ് പറയുന്നത്. ഹദീസ് പണ്ഡിതന്മാർ നബിയുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും മൗനാനുവാദത്തിനുമാണ് 'ഹദീസ്' എന്നു പറയുന്നത്. 'അഹ്‌ലുസ്സുന്നത്ത്' എന്ന് പറയുമ്പോൾ വിവക്ഷിക്കപ്പെടുന്നത് നബി(സ്വ)യുടെയും സദ്‌വൃത്തരായ സ്വഹാബിമാരുടെയും പാത പിൻപറ്റിയവരാണ്. അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദങ്ങളിലും ദൂതന്മാരിലും അന്ത്യദിനത്തിലും വിധിയിലുമുള്ള അവരുടെ വിശ്വാസം പ്രവാചകന്റെ അധ്യാപനങ്ങൾക്ക് അനുസൃതമായിരിക്കും. പ്രവാചകനെ പിൻപറ്റുകയും അദ്ദേഹത്തിന്റെ സുന്നത്ത് മുറുകെ പിടിക്കുകയും ചെയ്ത സ്വഹാബികളും അന്ത്യദിനംവരെ അവരെ പിൻപറ്റുന്നവരും അവർ ലോകത്തിന്റെ ഏത് കോണിൽ ഏത് കാലത്ത് ജീവച്ചാലും അഹ്‌ലുസ്സുന്നത്ത് എന്ന ഗണത്തിലാണ് എണ്ണപ്പെടുക. സുന്നത്ത് പിൻപറ്റിയതു കൊണ്ടാണ് അവർ ഈ നാമകരണത്തിന് അർഹരായിത്തീർന്നത്. നബിയോട് സ്വഹാബിമാർ, എഴുപത്തിമൂന്ന് വിഭാഗങ്ങളിൽ വിജയിച്ച വിഭാഗമേത് എന്ന് ചോദിച്ചപ്പോൾ 'ഞാനും എന്റെ അനുചരന്മാരും നിലകൊള്ളുന്നത്' എന്ന മറുപടിയാണ് അവിടുന്ന് നൽകിയത്. ഈ വിശേഷണം അഹ്‌ലുസ്സുന്നത്തിനാണ് ഏറ്റവും യോജിക്കുന്നത്. കാരണം അവർ പ്രവാചകന്റെ അനുചരന്മാരെ പിൻപറ്റുകയും ആദരിക്കുകയും അതോടൊപ്പം അവരെ ആക്ഷേപിക്കാതിരിക്കുകയും ചെയ്യുന്നവരാണ്.

സുന്നികൾക്ക് അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത് എന്ന

ഒരു പേരുകൂടിയുണ്ട്. നബി(സ്വ)യും സ്വഹാബത്തും നിലകൊണ്ട അതേരീതിയിൽ ജീവിക്കുന്ന ഒരു സംഘം എന്ന അർഥത്തിലാണ് ഈ പേര് അവർക്ക് സിദ്ധിച്ചിട്ടുള്ളത്. സത്യത്തോട് യോജിച്ച് ജീവിക്കുന്ന എത്ര ചെറിയ വിഭാഗമാണെങ്കിലും അവർക്ക് 'അൽജമാഅത്ത്' എന്നു തന്നെയാണ് പറയുക. ക്വുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുന്ന ഒരു ജനസമൂഹം; അവരാണ് 'അഹ്‌ലുസ്സുന്നത്തി വൽജമാഅ' എന്ന പേരിലറിയപ്പെടുന്നത്. അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക എന്നത് അവരുടെ സവിശേഷതയാണ്. അവർക്കിടയിൽ പരസ്പരം കാഫിറാക്കുന്ന പ്രവണത കാണപ്പെടുന്നില്ല. എന്നാൽ ഖവാരിജ്, റാഫിദി തുടങ്ങിയവർ പരസ്പരം കാഫിറാക്കുന്നവരാണ്. അഹ്‌ലുസ്സുന്ന, ജമാഅത്ത് എന്നീ പദങ്ങൾ വ്യത്യസ്തമാണെങ്കിലും അതിന്റെ ആശയം ഒന്നുതന്നെയാണ്. സുന്നത്ത് എന്നാൽ നബിയുടെ ചര്യയും, ജമാഅത്ത് എന്നാൽ സ്വഹാബികളും താബിഉകളും അന്ത്യദിനംവരെ അവരെ പിന്തുടരുന്നവരുമായ മുസ്‌ലിം ഐക്യസംഘമാണ്. അഹ്‌ലുസുന്നത്തിന് വേറെ പേരുകളൊന്നുമില്ല എന്നാൽ അവരോട് എതിരുള്ള മറ്റ് ശിആ വിഭാഗങ്ങൾ ഒട്ടനവധി പേരുകളിലാണ് അറിയപ്പെടുന്നത്.

'ഇസ്രാഈൽ സന്തതികൾ എഴുപത്തിരണ്ട് വിഭാഗമായി മാറി. എന്റെ സമുദായം എഴുപത്തിമൂന്ന് വിഭാഗമായി മാറും. അവയിൽ ഒരു വിഭാഗം ഒഴികെ എല്ലാവരും നരകത്തിലായിരിക്കും' എന്ന് നബി(സ്വ) പറഞ്ഞപ്പോൾ ആവർ ആരാണെന്ന് അനുചരന്മാർ ചോദിച്ചു. അന്നേരം നബി(സ്വ) നൽകിയ മറുപടി 'അൽജമാഅത്ത്' എന്നായിരുന്നു (ഇബ്നുമാജ). വ്യത്യസ്ത രൂപങ്ങളിൽ ഈ ഹദീസ് റിപ്പോർട്ട് ചെയ്യപ്പെട്ടതായി കാണാം.

നബി(സ്വ)യുടെയും ഖലീഫമാരായ അബൂബക്ർ(റ), ഉമർ(റ) എന്നിവരുടെയും കാലഘട്ടത്തിൽ മുസ്‌ലിംകൾ ഈ ഐക്യസംഘത്തിൽ തന്നെയായിരുന്നു. ഉസ്മാൻ(റ) കൊല്ലപ്പെട്ടതോടുകൂടിയാണ് മറ്റു കക്ഷികൾ രംഗപ്രവേശം ചെയ്തത്. ആദ്യത്തെ വിഘടനവാദികൾ ഖവാരിജുകളായിരുന്നു. പിന്നീടാണ് ശീഇസം രംഗപ്രവേശം ചെയ്തത്. ഇവർ ഖവാരിജുകളിൽനിന്ന് വേർപിരിഞ്ഞവരാണന്നും അഭിപ്രായമുണ്ട്. ഇവർ അൽപം അതിരുകവിയുകയും അലി(റ)ക്ക് ദിവ്യത്വം വരെ കൽപിക്കുകയും അബൂബക്ർ(റ), ഉമർ(റ) എന്നിവരെ അപഹസിക്കുകയും ചെയ്തു. ഇക്കൂട്ടരെ കരിച്ച് കളയാനാണ് അലി(റ) വിധിച്ചത്. അലിക്ക് ദിവ്യത്വം കൽപിക്കുന്ന വാദത്തിൽനിന്ന് പിന്തിരിയാൻ അദ്ദേഹം മൂന്ന് ദിവസം ഇവർക്ക് അവധി നൽകിയിരുന്നു. എന്നിട്ടും അവർ അതിൽതന്നെ ശഠിച്ച് നിന്നതുകൊണ്ടാണ് അവർ ശിക്ഷിക്കപ്പെട്ടത്. അവരെ വധിച്ചുകളയണം എന്നതിൽ എല്ലാവർക്കും ഏകാഭിപ്രായമാണുണ്ടായിരുന്നതെങ്കിലും തീകൊണ്ട് കരിച്ചു കൊല്ലുന്നതിനോട് ഇബ്നു അബ്ബാസി(റ)ന് എതിർപ്പുണ്ടായിരുന്നു.

അബൂബക്ർ സിദ്ദീഖ്(റ), ഉമർ(റ) എന്നിവരെക്കാളും ശ്രേഷ്ഠത അലി(റ)ക്ക് നൽകുന്നത് അദ്ദേഹം ഒരിക്കലും അംഗീകരിച്ചിരുന്നില്ല. കൂഫയിലെ മിമ്പറിൽ വെച്ച് അലി(റ) ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്: വഹബി(റ)ൽ നിന്ന് നിവേദനം; അലി(റ) ഞങ്ങളോട് പ്രസംഗിച്ചു. അദ്ദേഹം ചോദിച്ചു: 'നബി(സ്വ)ക്ക് ശേഷം ഈ സമുദായത്തിൽ ആരാണ് ഉത്തമൻ? ഞാൻ പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ, താങ്കളാണ്.' അദ്ദേഹം പറഞ്ഞു: 'അല്ല, നബിക്ക് ശേഷം ഉത്തമൻ അബൂബക്റാണ്. പിന്നീട് ഉമറും' (അഹ്മദ്).

ഈ പ്രസ്താവന എൺപതിലധികം റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്. ഖവാരിജുകളും ശിയാക്കളുമാണ് ഉത്തമ സ്വഹാബികൾക്കെതിൽ ആദ്യമായി വിമർശനത്തിന്റെ അമ്പെയ്തത്. ഈ രണ്ടു വിഭാഗത്തിനും തുടക്കത്തിൽ മുസ്‌ലിം ജനസാമാന്യത്തിൽ കാര്യമായ സ്വാധീനമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം, അന്നത്തെ മുസ്‌ലിംകൾ സുന്നത്തും ജമാഅത്തും മുറുകെ പിടിക്കുന്നവരായിരുന്നു.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറഞ്ഞത് 'അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത് എന്നത് അബൂഹനീഫയും മാലികും ശാഫിഈയും അഹ്മദും ജനിക്കുന്നതിന് മുമ്പുതന്നെ ഉള്ളതാണ്' എന്നാണ്. അത് പ്രവാചകനിൽ നിന്ന് മതം പഠിച്ച സ്വഹാബികളുടെ മദ്ഹബാണ്. ആരെങ്കിലും അതിന് എതിരായാൽ അവൻ പുത്തൻവാദിയാണ്. മദ്ഹബിന്റെ ഇമാമുമാരൊന്നും മതത്തിൽ പുതിയതായി ഒന്നും ഉണ്ടാക്കിയിട്ടില്ല. അവരെല്ലാം സുന്നത്തിന്റെ ഇമാമുമാരായിരുന്നു. അതുകൊണ്ട് തന്നെ അഹ്‌ലുസ്സുന്നത്തിന്റെ ആരംഭത്തെക്കുറിച്ച് അന്വേഷിക്കേണ്ടതില്ല. മദ്ഹബിന്റെ ഇമാമുമാരുടെ കാലത്താണ് ഈ സംജ്ഞക്ക് പ്രചാരം കിട്ടിയതെങ്കിലും സ്വഹാബത്തിന്റെ കാലം മുതൽക്കുതന്നെ ഈ പ്രയോഗം നിലവിലുണ്ട്.

*(തുടരും)*

കവർ സ്റ്റോറി



# വെറുപ്പിന്റെ ‘ലണ്ടൻ ദഹനം!’

ഡോ. അബ്ദുല്ല ബാസിൽ

: 87141 74330

ഇന്ത്യക്കാരേ..
ഇതാ ഈ നുണയൻ ഇവിടെ കുടുങ്ങിയിരിക്കുകയാണ്. ഇവൻ ഓൺലൈനിൽ
വിവരമില്ലാത്തവരോട് കള്ളങ്ങൾ പറയുന്നത് പോലെയാണെന്ന് കരുതിയാണ്
ഇവിടെ ലണ്ടനിൽ സ്പീക്കേഴ്സ് കോർണറിൽ വന്നത്. പക്ഷേ, അവന് പിഴച്ചു. ഇവൻ
ആദ്യമായിട്ടായിരിക്കും ഇസ്‌ലാമിനെ കുറിച്ച് ധാരണയുള്ളവരുടെ
മുന്നിൽ ചെന്ന് പെടുന്നത്. ഇതുപോലൊരു അനുഭവം ഇവന് മുമ്പ് ഉണ്ടാവില്ല.
ഇന്ത്യക്കാരേ...
ഇവൻ ഫാസിസ്റ്റുകളിൽ നിന്നും സയണിസ്റ്റുകളിൽനിന്നും പണം വാങ്ങി ആളുകൾക്കിടയിൽ വെറുപ്പും വിദ്വേഷവും ഉണ്ടാക്കാൻ നോക്കുന്ന നുണയനാണ്.
അറിവുള്ളവരുടെ മുന്നിൽ പെട്ടപ്പോൾ ഇവന്റെ അവസ്ഥ നിങ്ങൾ കണ്ടു.
അതുകൊണ്ട് ഇവനെ പോലുള്ളവരെ ഓടിക്കുക,
ഇവിടെനിന്ന് ഓടിയതു പോലെ!

**സംവാദങ്ങൾക്ക് പേരുകേട്ട ഇടമാണ് ലണ്ടനിലെ സ്പീക്കേഴ്സ് കോർണർ. അവിടേക്കാണ് ഓൺലൈനിൽ സാധാരണക്കാരോട് ഫോൺ ചെയ്ത് സംവദിച്ചു മാത്രം പരിചയമുള്ള ഒരു മലയാളി വിദ്വേഷ യൂട്യൂബർ കടന്നു ചെല്ലുന്നത്. ജീവിതത്തിൽ ആദ്യമായി ഒരു മുസ്‌ലിം പണ്ഡിതന്റെ മുന്നിൽ ചെന്നുപെട്ടതും കളവു പിടിക്കപ്പെട്ടപ്പോൾ അയാൾ വിയർക്കുന്നതും ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. വിദ്വേഷ പ്രചാരകർക്കും അത് വിഴുങ്ങുന്നവർക്കുമുള്ള പേടിപ്പെടുത്തുന്ന ഓർമയായി മാറിയിരിക്കുകയാണ് ഈ അനിവാര്യമായ പതനം.**

ഇക്കഴിഞ്ഞ ദിവസം, ആരിഫ് എന്ന ഒരു മലയാളി വിദ്വേഷ യൂട്യൂബർ ലണ്ടനിലെ സ്പീകേഴ്സ് കോർണർ പാർക്കിൽ വെച്ച് നുണ പറഞ്ഞ് പിടിക്കപ്പെട്ടിരുന്നു. അതിനു ശേഷം അദ്നാൻ റാഷിദ് എന്ന ബ്രിട്ടീഷ് പ്രബോധകന്റെ ഇന്ത്യക്കാരോടുള്ള ആഹ്വാനമാണ് മുകളിൽ വായിച്ചത്.

സാധാരണക്കാരോടും തന്റെ നുണപ്രചാരണങ്ങൾ അന്ധമായി വിശ്വസിക്കുന്ന അണികളോടും മാത്രം സംവദിച്ച് പരിചയമുള്ള വ്യക്തി, ആദ്യമായി ഇസ്‌ലാമിക വിഷയങ്ങളിൽ അവഗാഹമുള്ളവരുടെ മുന്നിൽ ചെന്നുപെട്ടപ്പോഴുള്ള രസകരമായ കാഴ്ച ഇന്ന് സോഷ്യൽ മീഡിയ ആഘോഷിച്ചു കൊണ്ടിരിക്കുകയാണ്.

**പശ്ചാത്തലം**

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും താറടിച്ചു കാണിക്കാനും മുസ്‌ലിംകൾക്കെതിരെ വിദ്വേഷവും വെറുപ്പുമുണ്ടാക്കാനുമുള്ള ആസൂത്രിത ശ്രമങ്ങൾ കഴിഞ്ഞ കുറച്ചു കാലങ്ങളായി സോഷ്യൽ മീഡിയയിൽ വ്യാപകമായി നടന്നു കൊണ്ടിരിക്കുകയാണ്. അതിനായി മുസ്‌ലിം വിരുദ്ധ വംശീയവാദികൾ തിരഞ്ഞെടുത്ത അവസാന ആയുധങ്ങളാണ് 'എക്സ് മുസ്‌ലിംകൾ.' തങ്ങൾ ഒരുകാലത്ത് മുസ്‌ലിംകളായിരുന്നു എന്നും, എന്നാൽ ഇസ്‌ലാമിനെ ആഴത്തിൽ പഠിച്ചശേഷം അത് തെറ്റാണെന്ന് ബോധ്യപ്പെട്ടുവെന്നും വാദിച്ചുകൊണ്ട് കുറച്ചുപേർ രംഗത്ത് വന്നാൽ, മുസ്‌ലിംകളെ കുറിച്ച് കാലങ്ങളായി തങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന കൊടിയ നുണകൾ ആളുകൾ വിശ്വസിക്കും എന്നവർ കണക്കുകൂട്ടി.

അങ്ങനെ രാവിലെ പല്ലുതേക്കുന്നത് മുതൽ രാത്രി ഉറങ്ങുന്നതുവരെ മുസ്‌ലിംകളെയും ഇസ്‌ലാമിനെയും കുറ്റം പറയുക എന്ന ദൗത്യം ഏറ്റെടുത്ത ചിലർ കൂലിക്കിറങ്ങി. തുടക്കത്തിൽ ഇവർക്ക് യുക്തിവാദത്തിന്റെയും നിരീശ്വരവാദത്തിന്റെയുമെല്ലാം കുപ്പായങ്ങളുണ്ടായിരുന്നു. എന്നാൽ പതിയെ അത്തരം ബാധ്യതാ ഉടയാടകളെല്ലാം വലിച്ചറിഞ്ഞ് വെറുപ്പിന്റെ അശ്ലീലമായ നഗ്നതാ പ്രദർശനം നടത്തുന്ന അവസ്ഥയിലേക്ക് അവർ വളരെ പെട്ടെന്ന് മാറി. ഒരുകാലത്ത് മാനവികതയും മനുഷ്യത്വവും സഹജീവി സ്നേഹവുമെല്ലാം പേരിനെങ്കിലും പറഞ്ഞിരുന്ന നാസ്തിക വേദികൾ വംശഹത്യാ ന്യായീകരണങ്ങളുടെയും സയണിസ്റ്റ് - ഫാസിസ്റ്റ് പ്രോപഗണ്ടകളുടെയും വേദികളായി പരിണമിച്ചു.

തങ്ങളുടെ സ്വന്തം ആദർശമായ നാസ്തികതയ്ക്ക് വേണ്ടിയോ യുക്തിവാദ പ്രചാരണത്തിനു വേണ്ടിയോ നാവോ തൂലികയോ ചലിപ്പിക്കുന്നവരെ ഇന്ന് കണ്ടുകിട്ടാൻ തന്നെ പ്രയാസമാണ്. ദൈവമില്ലെന്ന് സ്ഥാപിക്കാൻ യുക്തികൾ നിരത്തുന്ന, ശാസ്ത്രബോധത്തെ പറ്റി വാചാലരാവുന്ന 'കലാനാഥൻ മോഡൽ' യുക്തിവാദികൾ ഇന്ന് വംശനാശ ഭീഷണിയുടെ പേരിൽ റെഡ് ഡാറ്റാ ബുക്കിൽ ഇടംപിടിച്ചിരിക്കുന്നു. 'ഇതൊന്നുമല്ല യുക്തിവാദം' എന്ന് വിളിച്ചു കൂവാൻ അവരിൽ ചിലർ ശ്രമിക്കുന്നുണ്ടെങ്കിലും വെറുപ്പിന്റെ ബഹളങ്ങൾക്കിടയിൽ ആ ശബ്ദങ്ങൾ വെറും തരംഗങ്ങളായി ഒതുങ്ങിപ്പോവുകയാണ്.

### ഇസ്‌ലാം വിമർശനങ്ങളും മുസ്‌ലിം വിരുദ്ധതയും

ഇസ്‌ലാമിനെ ആശയപരമായി വിമർശിക്കുന്ന ചരിത്രം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അതിന് ഇസ്‌ലാമിനോളം തന്നെ പഴക്കമുണ്ട്. മുഹമ്മദ് നബി(സ്വ)യുടെ പ്രവാചകത്വവുമായി ബന്ധപ്പെട്ടും നമുക്കിത് കാണാനാവും. പ്രവാചകത്വവുമായി തന്റെ ജനതയിലേക്ക് കടന്നുചെന്ന മുഹമ്മദ് നബിയെ അവർ വിമർശന ശരങ്ങൾകൊണ്ട് മൂടുന്നതും അതിനോരോന്നിനും അക്കമിട്ട് മറുപടി പറയുന്നതുമാണ് മക്കാ ചരിത്രത്തിന്റെ ആകെത്തുക. അങ്ങനെ ആശയപരമായി എതിരിടാൻ സാധ്യമല്ലെന്ന ബോധ്യമുണ്ടായപ്പോഴാണ് മക്കയിലെ ബഹുദൈവ വിശ്വാസികൾ നബിക്കും അനുയായികൾക്കുമെതിരെ വെറുപ്പിന്റെ വാളെടുത്തത്.

അതിനു ശേഷവും കായികവും ബൗദ്ധികവുമായ അനേകം വെല്ലുവിളികളെ ഇസ്‌ലാം അതിജയിച്ചു. ഓറിയന്റലിസ്റ്റുകളും മിഷനറിമാരും പാശ്ചാത്യ ചിന്തകരുമെല്ലാം തലകുത്തി നിന്ന് ശ്രമിച്ചിട്ടും ഇസ്‌ലാമിന്റെ വളർച്ചയുടെ വേഗം കുറയ്ക്കാൻ പോലുമവർക്ക് സാധിച്ചില്ല. മനുഷ്യ മനസ്സുകളോട് സംവദിച്ചും വിമർശനങ്ങളെ നെഞ്ചുവിരിച്ചു നിന്ന് നേരിട്ടും ഇസ്‌ലാം ഇന്ന് ലോകത്ത് അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ഒരു ആദർശമാണ്.

ഇന്ന് ഇക്കൂട്ടർ ഓൺലൈനിൽ ഛർദിച്ചു കൊണ്ടിരിക്കുന്ന എല്ലാ ആരോപണങ്ങൾക്കും ചുരുങ്ങിയത് രണ്ടോ മൂന്നോ നൂറ്റാണ്ടിന്റെ പഴക്കമെങ്കിലുമുണ്ട്. അതെല്ലാം ഉന്നയിച്ച സമയത്തു തന്നെ അതാത് കാലങ്ങളിലെ

**പ്രവാചകത്വവുമായി തന്റെ ജനതയിലേക്ക് കടന്നുചെന്ന മുഹമ്മദ് നബിയെ അവർ വിമർശന ശരങ്ങൾകൊണ്ട് മൂടുന്നതും അതിനോരോന്നിനും അക്കമിട്ട് മറുപടി പറയുന്നതുമാണ് മക്കാ ചരിത്രത്തിന്റെ ആകെത്തുക. അങ്ങനെ ആശയപരമായി എതിരിടാൻ സാധ്യമല്ലെന്ന ബോധ്യമുണ്ടായപ്പോഴാണ് മക്കയിലെ ബഹുദൈവ വിശ്വാസികൾ നബിക്കും അനുയായികൾക്കുമെതിരെ വെറുപ്പിന്റെ വാളെടുത്തത്.**

മുസ്‌ലിം പണ്ഡിതർ അതിന്റെ മുനയൊടിച്ചതുമാണ്. അത് ഇന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ ഇപ്പോൾ കാണുന്നത് വെറും വിമർശനങ്ങളല്ല. മുസ്‌ലിംകളെ വംശീയമായി അധിക്ഷേപിച്ചും അവർക്കെതിരെ മുൻവിധികൾ സൃഷ്ടിച്ചും ചിലരുടെ വിഭജന രാഷ്ട്രീയ അജണ്ടകൾ നടപ്പിലാക്കാൻ, ഇവർ സ്വീകരിക്കുന്ന നിയമപരമായ രക്ഷാകവചം മാത്രമാണ് 'തങ്ങൾ ഇസ്‌ലാം വിമർശകരാണ്' എന്നത്. ഇസ്‌ലാമിനെതിരെയുള്ള ഏത് വിമർശനങ്ങൾക്കും മറുപടികളുണ്ട്. പക്ഷേ, വെറുപ്പുൽപാദനത്തിനും വിദ്വേഷ പ്രചാരണത്തിനും എന്ത് മറുപടിയാണ് പറയാനാവുക?അതിനോട് എങ്ങനെയാണ് ആശയപരമായി സംവദിക്കാനാവുക?

### ഫോൺ സംവാദങ്ങളും വീരപരിവേഷവും

ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ തങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം ശരിയാണെന്ന് ആളുകളെ വിശ്വസിപ്പിക്കാൻ ഇക്കൂട്ടർ കണ്ട മാർഗമാണ് ഫോൺ സംവാദങ്ങൾ. ഇസ്‌ലാമിനെ കുറിച്ച് പാണ്ഡിത്യമുള്ള പണ്ഡിതന്മാരുടെ മുന്നിലല്ല ഇവരുടെ അഭ്യാസങ്ങൾ. അങ്ങനെ മതത്തെ പറ്റി ധാരണയുള്ളവരുടെ മുന്നിൽ ചെന്നുപെടുന്ന അപൂർവം സന്ദർഭങ്ങളിൽ എന്ത് സംഭവിച്ചു എന്നതിന് ഉദാഹരണങ്ങൾ ചിലതുണ്ടല്ലോ. പതിറ്റാണ്ടുകളായി വെല്ലുവിളിച്ചു നടന്ന ഇ.എ ജബ്ബാർ എന്ന നാസ്തികൻ എം.എം അക്ബർ എന്ന ഇസ്‌ലാമിക പ്രബോധകന്റെ മുന്നിൽ നേരിട്ട് സംവാദത്തിന് വന്നപ്പോൾ കണ്ടത്, ലോകചരിത്രത്തിൽ തുല്യതയില്ലാത്ത ഏകപക്ഷീയമായ സംവാദമായിരുന്നു.

അതുകൊണ്ട്, അതിനു പകരം ഇവർ സ്വീകരിച്ച നയം 'സാധാരണക്കാരെ നേരിടുക' എന്നതായിരുന്നു. ഒന്നുകിൽ ഇസ്‌ലാമിനെ പറ്റി ബാലപാഠങ്ങൾ പോലുമറിയാത്ത തങ്ങളുടെ അണികൾ, അല്ലെങ്കിൽ വളരെ കുറച്ചു മാത്രം ധാരണയുള്ള മുസ്‌ലിം നാമധാരികൾ; അവരോട് ഏറ്റുമുട്ടുക! പ്രാഥമിക മദ്റസാ വിദ്യാഭ്യാ

സം മാത്രമുള്ളവരോട്, അവർ അറിഞ്ഞിരിക്കാൻ സാധ്യതയില്ലാത്ത ഏതെങ്കിലും കർമശാസ്ത്ര ഗ്രന്ഥത്തിലെ ഒരു വിധിയെ പറ്റി ചോദിച്ചാൽ അവർക്ക് അതിനെ പറ്റി ധാരണയുണ്ടാവില്ലല്ലോ. അങ്ങനെ ഇവർ കാണാപ്പാഠം പഠിച്ച ഒന്നുരണ്ട് കാര്യങ്ങൾ എടുത്തിടും. മറുഭാഗത്തുള്ളവർ അതിനെ പറ്റി അറിയാതെ കുഴങ്ങും. അതോടെ മുസ്‌ലിംകളെ മലർത്തിയടിച്ചെന്ന് പറഞ്ഞ് ഇവർ വിജയം ആഘോഷിക്കും!

ഇതാണ് കഴിഞ്ഞ ഏതാനും കാലങ്ങളായി നടന്നുകൊണ്ടിരുന്നത്. ഇതോടെ മുസ്‌ലിംകൾക്കാർക്കും 'നേരിടാൻ പറ്റാത്ത' പണ്ഡിതരായി ഇക്കൂട്ടർ സ്വയം പ്രതിഷ്ഠിക്കും. അണികൾക്കും ഇവർ ഇസ്‌ലാമിക പാണ്ഡിത്യത്തിന്റെ നിറകുടങ്ങളായി! പലരും വിളിക്കുന്നു, ഇക്കൂട്ടർ വിളിക്കുന്നവർക്കറിയാത്ത എന്തെങ്കിലും കാര്യം എടുത്തിടുന്നു, അവർ പ്രയാസപ്പെടുന്നു. ഇതോടെ ഈ വെറുപ്പ് വ്യാപാരികളെ 'നേരിടാൻ' ആരുമില്ലെന്നുംഅവരാണ് ഇസ്‌ലാമിനെ കുറിച്ച് മുസ്‌ലിംകളെക്കാൾ അറിവുള്ളവരെന്നും അണികൾ വാഴ്ത്തിപ്പാടും. മുസ്‌ലിം വിരുദ്ധ അജണ്ടകളുള്ള മാധ്യമങ്ങൾ ഇക്കൂട്ടരെ ഇസ്‌ലാമിനെ പറ്റി ആധികാരികമായി സംസാരിക്കാൻ കഴിവുള്ളവരായി ഉയർത്തിക്കാട്ടി, ചാനൽ ചർച്ചകളിൽ സ്ഥിരം ക്ഷണിതാക്കളാക്കി!

എന്നാൽ ഇതേസമയം തന്നെ കൃത്യമായ അറിവുള്ളവരുടെ മുന്നിൽ ചെന്ന് പെടാതിരിക്കാൻ ഇവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 24 മണിക്കൂറും ഓൺലൈനിൽ വെറുപ്പുൽപാദിപ്പിക്കുന്ന ഇവരെ ഓൺലൈനായി സമയം നിശ്ചയിച്ചുകൊണ്ടുള്ള സംവാദങ്ങൾക്ക് മുസ്‌ലിം വിഭാഗങ്ങൾ വർഷങ്ങളായി ക്ഷണിച്ചു കൊണ്ടേയിരുന്നിട്ടും ഇവർ അതിന് തയാറായിട്ടില്ല. ഒടുവിൽ ലൈവ് ആയി പതിനായിരങ്ങളുടെ മുന്നിൽ സംവാദത്തിനായി കാത്തിരുന്നിട്ടും ഇവർ ജോയിൻ ചെയ്യാനോ സംവദിക്കാനോ തയാറായിരുന്നില്ല. എന്നാൽ അണികളെ തൃപ്തിപ്പെടുത്താൻ സാധാരണക്കാരെ നിരന്തരം 'മലർത്തിയടിച്ച്' ഫയൽവാന്മാർ 'ജയിച്ചുകൊണ്ടേയിരുന്നു!'

**ലണ്ടൻ യാത്ര**

ഈ ആത്മവിശ്വാസത്തിലാണ് ആരിഫ് എന്ന വെറുപ്പുൽപാദകൻ ലണ്ടനിലേക്ക് പോകുന്നത്. ലണ്ടനിലെ ഹൈഡ് പാർക്കിലെ സ്പീക്കേഴ്സ് കോർണർ സംവാദങ്ങൾക്കും ചർച്ചകൾക്കും ഏറെ പ്രസിദ്ധമായ സ്ഥലമാണ്. വിവിധ ആദർശങ്ങളിൽ വിശ്വസിക്കുന്നവർ ഒരുമിച്ചു കൂടുകയും തങ്ങളുടെ കാഴ്ചപ്പാടുകൾ പരസ്പരം ചർച്ച ചെയ്യുകയും ചെയ്യുന്ന സ്പീക്കേഴ്സ് കോർണറിലെ ചർച്ചകൾ ലക്ഷ



**കൃത്യമായ അറിവുള്ളവരുടെ മുന്നിൽ ചെന്ന് പെടാതിരിക്കാൻ ഇവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 24 മണിക്കൂറും ഓൺലൈനിൽ വെറുപ്പുൽപാദിപ്പിക്കുന്ന ഇവരെ ഓൺലൈനായി സമയം നിശ്ചയിച്ചുകൊണ്ടുള്ള സംവാദങ്ങൾക്ക് മുസ്‌ലിം വിഭാഗങ്ങൾ വർഷങ്ങളായി ക്ഷണിച്ചു കൊണ്ടേയിരുന്നിട്ടും ഇവർ അതിന് തയാറായിട്ടില്ല. ഒടുവിൽ ലൈവ് ആയി പതിനായിരങ്ങളുടെ മുന്നിൽ സംവാദത്തിനായി കാത്തിരുന്നിട്ടും ഇവർ ജോയിൻ ചെയ്യാനോ സംവദിക്കാനോ തയാറായിരുന്നില്ല. എന്നാൽ അണികളെ തൃപ്തിപ്പെടുത്താൻ സാധാരണക്കാരെ നിരന്തരം 'മലർത്തിയടിച്ച്' ഫയൽവാന്മാർ 'ജയിച്ചുകൊണ്ടേയിരുന്നു!'**

**ഇവരെപ്പോലുള്ള നുണയന്മാർ ഇനിയും സോഷ്യൽ മീഡിയകളിൽ പ്രത്യക്ഷപ്പെടും. ചർമസൗഭാഗ്യം വേണ്ടുവോളമുള്ളതുകൊണ്ട് ഇതിനെയും ന്യായീകരിക്കും. വീണ്ടും പുതിയ നുണകൾ അറിവില്ലാത്തവരുടെ മുന്നിൽ ഛർദിക്കും. പലരും അത് വിശ്വസിച്ച് തങ്ങളുടെ സഹജീവികളായ മുസ്‌ലിംകളെ വെറുക്കാൻ തുടങ്ങും. പക്ഷേ, ജീവിതത്തിൽ ഒരേയൊരു തവണ അറിവുള്ളവരുടെ മുന്നിൽ ചെന്നുപെട്ടപ്പോഴുള്ള ഈ ദൃശ്യങ്ങൾ അപ്പോഴെല്ലാം സത്യാന്വേഷികൾക്കുമുന്നിൽ ഒരു വിളക്കുമാടമായി നിലനിൽക്കും.**

ക്കണക്കിന് പ്രേക്ഷകരിലേക്ക് എത്താറുണ്ട്.

അവിടെ പോയി ഫോൺ സംവാദങ്ങളിൽ താൻ ചെയ്യാറുള്ളതുപോലെ കുറച്ചു സാധാരണക്കാരോട് സംവദിച്ച് 'വിജയം ആഘോഷിക്കാനായിരുന്നു' ഇദ്ദേഹത്തിന്റെ ആഗ്രഹം. എന്നാൽ സ്പീക്കേഴ്സ് കോർണർ ചർച്ചകളിൽ ഇസ്‌ലാമിനെക്കുറിച്ച് നന്നായി പഠിച്ച പ്രബോധകരും പങ്കെടുക്കാറുണ്ട്. അങ്ങനെയാണ് അദ്നാൻ റാഷിദ് എന്ന പ്രബോധകന്റെ മുന്നിൽ ഇദ്ദേഹം ചെന്നുപെടുന്നത്. പിന്നെ നടന്നത് ചരിത്രമാണ്!

സാധാരണക്കാരോട് മാത്രം സംവദിച്ചു പരിചയമുള്ള ഇയാൾ ഒരു പണ്ഡിതന്റെ മുന്നിൽ ആദ്യമായി ചെന്നുപെട്ടപ്പോൾ പതറുകയും വിളറി വെളുക്കുകയും ചെയ്തത് ഹൈ ഡെഫിനിഷൻ ക്യാമറകൾ ഒപ്പിയെടുത്തു. പല ന്യായങ്ങൾ പറഞ്ഞു രക്ഷപ്പെടാൻ ശ്രമിച്ചിട്ടും വിടാതെ പിന്തുടർന്ന മുസ്‌ലിംകളിൽ നിന്ന് അവസാനം ഇയാൾക്ക് ഓടി രക്ഷപ്പെടേണ്ടി വന്നു.

**ലണ്ടനിലെ ചർച്ച**

ധാർമികതയുടെ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ടായിരുന്നു ചർച്ചകൾ. കൃത്യമായ മാനദണ്ഡങ്ങളില്ലാത്തതുകൊണ്ട് നിരീശ്വരവാദികൾക്ക് എന്തെങ്കിലുമൊരു കാര്യം ശരിയാണെന്നോ തെറ്റാണെന്നോ പറയാനാകില്ല എന്ന് മുസ്‌ലിം പ്രബോധകൻ സമർഥിച്ചു. അതിനെ ആശയപരമായി നേരിടാൻ ഈ വ്യക്തി അശക്തനായിരുന്നു. 'ഞങ്ങളുടെ അടിസ്ഥാനം ശാസ്ത്രമാണ്' എന്നൊക്കെയാണ് ഇദ്ദേഹം പറയാൻ ശ്രമിച്ചത്. ശാസ്ത്രത്തെ പറ്റി പ്രാഥമിക ധാരണയുള്ള വർക്കറിയാം; ശാസ്ത്രം ധാർമികത പഠിപ്പിക്കുന്നില്ല. എന്തെങ്കിലുമൊരു കാര്യം ശരിയാണെന്നോ തെറ്റാണെന്നോ പറയലല്ല ശാസ്ത്രത്തിന്റെ മേഖല. കാര്യങ്ങൾ എങ്ങനെ നടക്കുന്നു എന്ന് വിശദീകരിക്കുകയാണ് ശാസ്ത്രം ചെയ്യുന്നത്.

ഉദാഹരണത്തിന്, ഒരു ഉരുള ഭക്ഷണം പാഴാക്കിയാൽ തിന്മയാണെന്നോ വിശക്കുന്നവനു കൊടുത്താൽ നന്മയാണെന്നോ ശാസ്ത്രം പറയില്ല. എന്നാൽ അതിൽ എത്ര അന്നജവും മാംസ്യവുമുണ്ട് എന്ന് പറയാൻ ശാസ്ത്രത്തിന് സാധിക്കും! ഈ ശാസ്ത്രത്തെ ധാർമികതയുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉന്നയിക്കുമ്പോൾ തന്നെ ഇദ്ദേഹത്തിന്റെ ബൗദ്ധിക നിലവാരം അവർക്ക് മനസ്സിലായിക്കാണണം! അതുകൊണ്ടാണ് ഇയാൾക്ക് ശാസ്ത്രമോ ഫിലോസഫിയ ഇസ്‌ലാമോ ഒന്നുമറിയില്ലല്ലോ എന്ന് അവർ പരസ്പരം അടക്കം പറഞ്ഞത്!

ഇങ്ങനെ ആശയപരമായ ചർച്ചയിൽ കുടുങ്ങിയപ്പോഴാണ് ഇദ്ദേഹം ഫോൺ സംവാദങ്ങളിലെ സ്ഥിരം അടവ് പുറത്തെടുത്തത്. ചോദ്യത്തിന് ഉത്തരമില്ലാതാകുമ്പോൾ ഇസ്‌ലാമിനെ കുറിച്ച് എന്തെങ്കിലും നുണകൾ തട്ടിവിടുക, അതിനെ പറ്റി ധാരണയില്ലാത്തവരാണ് മറുപുറത്തെങ്കിൽ പിന്നെയവർ അതിൽ തടഞ്ഞു നിന്നുകൊള്ളും!

'ഖുർആനിൽ സ്വന്തം മകളെ വിവാഹം ചെയ്യാമെന്നുണ്ടല്ലോ...?' ഇതായിരുന്നു ഇദ്ദേഹത്തിന്റെ ചോദ്യം. സാധാരണ ഫോൺ സംവാദങ്ങളിൽ ഇങ്ങനെ നുണ പറഞ്ഞാൽ മറുഭാഗത്തുള്ളവർ അത് അന്വേഷിച്ച് സമയം പോകും. ഇയാൾ 'ജയിക്കുകയും' ചെയ്യും! പക്ഷേ, ഇപ്രാവശ്യം മറുഭാഗത്തുള്ളത് ഒരു ഇസ്‌ലാമിക പണ്ഡിതനായിപ്പോയി. തൊട്ടടുത്ത നിമിഷം തന്നെ

ആ വചനം ഖുർആനിൽ നിന്ന് കാണിക്കാൻ അദ്നാൻ റാഷിദ് ആവശ്യപ്പെട്ടു.

പതിനഞ്ച് മിനുട്ടോളം ഒന്നിലധികം ക്യാമറകൾക്ക് മുൻപിൽ പിന്നീട് തിരച്ചിൽ മഹാമഹമായിരുന്നു! ഖുർആനിലെ ആ ആയത്ത് കാണിച്ചില്ലെങ്കിൽ ഇയാൾ നുണയനാണെന്ന് ലോകം മനസ്സിലാക്കുമെന്നും, ഇല്ലെങ്കിൽ ഇന്ത്യയിലെ മുഴുവൻ മുസ്‌ലിംകളോടുമായി മാപ്പ് പറയണമെന്നുമെല്ലാം അദ്നാൻ പറയുമ്പോഴും ഇദ്ദേഹം ഫോണിൽ തപ്പിക്കൊണ്ടേയിരുന്നു.

ജീവിതത്തിൽ ആദ്യമായി ഇസ്‌ലാമിക വിഷയങ്ങളിൽ അറിവുള്ളവരുടെ മുന്നിൽ പെട്ടപ്പോൾ ഇയാൾ വിയർക്കുകയാണെന്നും ഇയാൾക്ക് ജീവിതകാലം മുഴുവൻ തിരഞ്ഞാലും അത്തരമൊരു വചനം ഖുർആനിൽ നിന്ന് കൊണ്ടുവരാൻ സാധിക്കില്ലെന്നുമെല്ലാം അദ്നാൻ പറയുമ്പോഴും പ്രതീക്ഷ കൈവിടാതെ അയാൾ തപ്പിക്കൊണ്ടേയിരിക്കുകയായിരുന്നു.

അവസാനം പതിനഞ്ചു മിനുട്ടുകൾക്ക് ശേഷം അയാൾ സംസാരിക്കാൻ ആരംഭിച്ചു. ലോകം ഞെട്ടാൻ പോകുന്ന ആ വചനം കേൾക്കാൻ മുസ്‌ലിംകൾ ആകാംക്ഷയോടെ കാത്തിരുന്നു. ലണ്ടനിലും മുസ്‌ലിംകളെ മലർത്തിയടിച്ച വീഡിയോ പുറത്തു വിടാൻ അനുയായികൾ വെമ്പി നിന്നു. അങ്ങനെ അദ്ദേഹം ചെറിയ സ്വരത്തിൽ പറഞ്ഞു തുടങ്ങി: 'ഇന്റർനെറ്റ് കിട്ടുന്നില്ല...'

ലണ്ടൻ പോലൊരു മഹാനഗരത്തിൽ ഇന്റർനെറ്റ് കിട്ടാത്തതുകൊണ്ട് ലോകചരിത്രത്തിൽ ഇന്നേവരെ ആരും കേട്ടിട്ടില്ലാത്ത ആ ആയത്ത് മാനവരാശിക്ക് നഷ്ടപ്പെടേണ്ടതില്ലല്ലോ എന്നോർത്ത് അവിടെക്കൂടിയ മുസ്‌ലിംകളെല്ലാം തങ്ങളുടെ മൊബൈൽ ഫോണുകൾ ഇയാൾക്ക് നേരെ നീട്ടി. ഹൈസ്പീഡ് ഇന്റർനെറ്റും ചാറ്റ് ജിപിറ്റിയുമെല്ലാം ഉണ്ടെന്നും എങ്ങനെയെങ്കിലും ആ ആയത്ത് കണ്ടെത്തിത്തരൂ എന്നുമവർ ആവർത്തിച്ച് ആവശ്യപ്പെട്ടു.

പക്ഷേ, താൻ തിരയുന്ന വചനം ഖുർആനിലില്ലാത്തതാണ് എന്ന് അതിനോടകം തന്നെ ഇദ്ദേഹത്തിന് മനസ്സിലായിരുന്നു. അല്ലെങ്കിൽ ഇല്ലാത്തത് ഉണ്ടെന്ന് നുണ പറഞ്ഞ് സമർഥിക്കാൻ ശ്രമിച്ചത് പൊളിയാൻ പോകുന്നു എന്ന് തിരിച്ചറിയുന്നു. അതുകൊണ്ട്, തടി തപ്പാൻ എന്തുണ്ട് വഴി എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത.

'ഞാൻ അടുത്ത ദിവസം തന്നെ ആ ആയത്ത് ഇന്റർനെറ്റിൽ അപ് ലോഡ് ചെയ്യാം' -

അയാൾ വിറച്ചുകൊണ്ട് പറഞ്ഞൊപ്പിച്ചു.

'പറ്റില്ല, ഇപ്പോൾ, ഇവിടെ...'

അദ്നാൻ റാഷിദ് പ്രതികരിച്ചത് അല്പം ശബ്ദമുയർത്തിത്തന്നെയായിരുന്നു.

'കാലങ്ങളായി ഓൺലൈനിൽ താങ്കൾ വിവരമില്ലാത്തവരുടെ മുന്നിൽ കളവുകൾ പറഞ്ഞു പറ്റിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയുമത് ആവർത്തിക്കാൻ പറ്റില്ല. ഇവിടെയിതാ ജീവനോടെ ഞങ്ങൾ മുസ്‌ലിംകൾ നിന്റെ മുന്നിലിരിക്കുന്നു. നേർക്കുനേർ ഞങ്ങളുടെ മുന്നിൽ തെളിയിക്കാതെ ഓൺലൈനിൽ പോയി വീണ്ടും നുണ പറയാമെന്ന് കരുതേണ്ടതില്ല. താങ്കൾക്ക് വേണ്ടി എത്രനേരം വേണമെങ്കിലും കാത്തിരിക്കാൻ ഞങ്ങളൊരുക്കമാണ്.'

പക്ഷേ, അങ്ങനെയൊരു വചനമില്ലെന്ന് അറിയാവുന്ന ആരിഫ് എങ്ങനെയൊക്കെയോ അവിടെ നിന്ന് തടിതപ്പി. രക്ഷപ്പെടാൻ അനുവദിക്കാതെ മുസ്‌ലിംകൾ പിന്നാലെ പോയി വചനം ചോദിച്ചിട്ടും ഓടിക്കൊണ്ട് രക്ഷപ്പെടുകയായിരുന്നു അദ്ദേഹം.

അതെ, അവസാനം 'നുണയൻ, നാണക്കേട്...' എന്ന് അവിടെയുള്ളവരെല്ലാം വിളിച്ചു കൊണ്ടിരിക്കെ അദ്ദേഹം അവിടെ നിന്ന് രക്ഷപ്പെടുകയായിരുന്നു!

ഇവരെപ്പോലുള്ള നുണയന്മാർ ഇനിയും സോഷ്യൽ മീഡിയകളിൽ പ്രത്യക്ഷപ്പെടും. ചർമസൗഭാഗ്യം വേണ്ടുവോളമുള്ളതുകൊണ്ട് ഇതിനെയും ന്യായീകരിക്കും. വീണ്ടും പുതിയ നുണകൾ അറിവില്ലാത്തവരുടെ മുന്നിൽ ഛർദിക്കും. പലരും അത് വിശ്വസിച്ച് തങ്ങളുടെ സഹജീവികളായ മുസ്‌ലിംകളെ വെറുക്കാൻ തുടങ്ങും.

പക്ഷേ, ജീവിതത്തിൽ ഒരേയൊരു തവണ അറിവുള്ളവരുടെ മുന്നിൽ ചെന്നുപെട്ടപ്പോഴുള്ള ഈ ദൃശ്യങ്ങൾ അപ്പോഴെല്ലാം സത്യാന്വേഷികൾക്കുമുന്നിൽ ഒരു വിളക്കുമാടമായി നിലനിൽക്കും. ■

> വഖ്ഫ് സ്വത്തുക്കൾ
> ഒരു സമുദായത്തിന്റെ സാമ്പത്തിക ആസ്തി മാത്രമല്ല;
> അവ മതപരവും സാമൂഹികവും ചരിത്രപരവുമായ പൈതൃകമാണ്.
> അതിനാൽ അവയുടെ സംരക്ഷണവും രജിസ്ട്രേഷനും നിയമത്തിന്റെ
> അടിസ്ഥാനത്തിലും നീതിയുടെയും സുതാര്യതയുടെയും ആത്മാവിലും
> നടപ്പാക്കപ്പെടേണ്ടത് ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമാണ്

# ഉമീദ് പോർട്ടൽ ഉയർത്തുന്ന ആശങ്കകൾ

## സൈനബ് ബിൻത് ഫർഹാൻ

ഇന്ത്യയിലെ വഖ്ഫ് സ്വത്തുക്കളുടെ ഭരണനിർവഹണത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന അവകാശവാദത്തോടെയാണ് കേന്ദ്ര സർക്കാർ UMEED (Unified Waqf Management, Empowerment, Efficiency and Development) പോർട്ടൽ അവതരിപ്പിച്ചത്. രാജ്യത്തെ എല്ലാ രജിസ്റ്റർ ചെയ്ത വഖ്ഫ് സ്വത്തുക്കളുടെയും ഡിജിറ്റൽ രേഖയും ജിയോടാഗിംഗും സൃഷ്ടിച്ച് കൂടുതൽ സുതാര്യത ഉറപ്പാക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം. സാങ്കേതികവിദ്യയുടെ സഹായത്തോടെ രേഖകൾ ക്രമപ്പെടുത്തുക എന്ന ആശയം പൊതുവിൽ സ്വാഗതാർഹമാണെങ്കിലും, പുറത്തുവരുന്ന കണക്കുകൾ ചില ഗൗരവകരമായ ചോദ്യങ്ങൾ ഉയർത്തുകയാണ്.

ലഭ്യമായ വിവരങ്ങൾ പ്രകാരം രജിസ്ട്രേഷനായി അപ്‌ലോഡ് ചെയ്ത 7,95,784 വഖ്ഫ് സ്വത്തുക്കളിൽ 5,87,804 എണ്ണം അംഗീകരിക്കപ്പെട്ടപ്പോൾ 88,571 അപേക്ഷകൾ, അതായത് ഏകദേശം 11 ശതമാനം, പരിശോധനയ്ക്കുശേഷം നിരസിക്കപ്പെട്ടു. ഏറ്റവും കൂടുതൽ നിരസിക്കപ്പെട്ട അപേക്ഷകൾ ഉത്തർപ്രദേശിലാണുള്ളത്. പശ്ചിമ ബംഗാൾ, രാജസ്ഥാൻ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും ഗണ്യമായ എണ്ണം അപേക്ഷകൾ തള്ളപ്പെട്ടിട്ടുണ്ട്.

ഇവിടെ ഉയരുന്ന ഏറ്റവും വലിയ ചോദ്യം ഈ സ്വത്തുക്കളുടെ ഭാവിയെക്കുറിച്ചാണ്. പതിറ്റാണ്ടുകളായി വഖ്ഫ് സ്വത്തായി അംഗീകരിക്കപ്പെട്ടും പള്ളികൾ, ഖബ്ർസ്ഥാനുകൾ, മദ്റസകൾ, അനാഥാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഉപയോഗിച്ചുവരുന്ന നിരവധി സ്ഥലങ്ങളുടെ രജിസ്ട്രേഷൻ അപേക്ഷകൾ നിരസിക്കപ്പെട്ടാൽ അവയുടെ നിയമപരമായ സ്ഥിതി എന്താകും? ഈ വിഷയത്തിൽ വ്യക്തമായ മാർഗനിർദേശം ലഭിച്ചിട്ടില്ലെന്ന ആശങ്ക വിവിധ വഖ്ഫ് ബോർഡ്



പ്രതിനിധികളും ഉന്നയിച്ചിട്ടുണ്ട്.

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം ഈ വ്യത്യാസങ്ങൾക്ക് വിവിധ കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഭൂമിയുടെ രേഖകളിലെ അപൂർണത, സംസ്ഥാനങ്ങൾ തമ്മിലുള്ള രേഖാ സംവിധാനത്തിലെ വ്യത്യാസം, മുതവല്ലിമാർക്കുള്ള അവബോധക്കുറവ്, പഴയ രേഖകളുടെ അഭാവം എന്നിവയാണ് മന്ത്രാലയം പ്രധാന കാരണങ്ങളായി പറയുന്നത്. ചില സംസ്ഥാനങ്ങളിൽ ഭൂമി രേഖകൾ കൂടുതൽ കൃത്യമായതിനാൽ അവിടെ അംഗീകാര നിരക്ക് ഉയർന്നതാണെന്നും സർക്കാർ വിശദീകരിക്കുന്നു.

എന്നാൽ ഈ വിശദീകരണങ്ങൾ എല്ലാ ആശങ്കകളും അകറ്റുന്നില്ല. നിരവധി വഖ്ഫ് സ്വത്തുക്കൾ നൂറുകണക്കിന് വർഷം പഴക്കമുള്ളവയാണ്. പഴയ രേഖകൾ നഷ്ടപ്പെട്ടതോ അപൂർണമായതോ ആയിരിക്കാം. ചില വഖ്ഫുകൾ ചരിത്രപരമായി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ടവയാണ്. അത്തരം സ്വത്തുക്കൾക്ക് ഇന്നത്തെ നിലവാരത്തിലുള്ള രേഖകൾ ഹാജരാക്കാൻ കഴിയാത്തത് അവയുടെ യഥാർഥ സ്വഭാവത്തെ നിഷേധിക്കാൻ മതിയായ കാരണമാകുമോ എന്ന ചോദ്യമാണ് ഉയരുന്നത്.

മറ്റൊരു ആശങ്ക നടപടിക്രമത്തിന്റെ സുതാര്യതയെക്കുറിച്ചാണ്. അപേക്ഷ നിരസിക്കപ്പെട്ടവരെ വ്യക്തമായി കാരണം അറിയിച്ചിട്ടുണ്ടോ? രേഖകളിലെ കുറവുകൾ പരിഹരിക്കാൻ മതിയായ അവസരം നൽകിയിട്ടുണ്ടോ? ഫലപ്രദമായ അപ്പീൽ അല്ലെങ്കിൽ പരാതിപരിഹാര സംവിധാനം നിലവിലുണ്ടോ? ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്ത

**ലഭ്യമായ വിവരങ്ങൾ പ്രകാരം രജിസ്ട്രേഷനായി അപ്‌ലോഡ് ചെയ്ത 7,95,784 വഖ്ഫ് സ്വത്തുക്കളിൽ 5,87,804 എണ്ണം അംഗീകരിക്കപ്പെട്ടപ്പോൾ 88,571 അപേക്ഷകൾ, അതായത് ഏകദേശം 11 ശതമാനം, പരിശോധനയ്ക്കുശേഷം നിരസിക്കപ്പെട്ടു. ഏറ്റവും കൂടുതൽ നിരസിക്കപ്പെട്ട അപേക്ഷകൾ ഉത്തർ പ്രദേശിലാണുള്ളത്. പശ്ചിമ ബംഗാൾ, രാജസ്ഥാൻ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും ഗണ്യമായ എണ്ണം അപേക്ഷകൾ തള്ളപ്പെട്ടിട്ടുണ്ട്.**

രങ്ങൾ ലഭിക്കേണ്ടതുണ്ട്. സുതാര്യമായ നടപടിക്രമം ഭരണസംവിധാനത്തിലും പൊതുസമൂഹത്തിലും വിശ്വാസം വളർത്തും.

പോർട്ടലിന്റെ സാങ്കേതിക പ്രവർത്തനത്തെക്കുറിച്ചും നേരത്തെ വ്യാപകമായ പരാതികൾ ഉയർന്നിരുന്നു. അവസാന ദിവസങ്ങളിൽ പോർട്ടൽ മന്ദഗതിയിലായതും പല മുതവല്ലിമാർക്കും രേഖകൾ അപ്‌ലോഡ് ചെയ്യാൻ കഴിയാതിരുന്നതും സമയപരിധി നീട്ടണമെന്ന ആവശ്യവും വിവിധ സംഘടനകൾ ഉന്നയിച്ചിരുന്നു.

വഖ്ഫ് എന്നത് ഭൂമിയോ കെട്ടിടമോ മാത്രമല്ല. ഒരു വിശ്വാസി അല്ലാഹുവിന്റെ മാർഗത്തിൽ ശാശ്വതമായി സമർപ്പിച്ച സ്വത്താണ് വഖ്ഫ് . പള്ളികൾ, ഖബ്ർസ്ഥാനുകൾ, മദ്റസകൾ, കുടിവെള്ള പദ്ധതികൾ, അനാഥാലയങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങി അനേകം പൊതുപ്രയോജന പ്രവർത്തനങ്ങളുടെ സാമ്പത്തിക അടിത്തറയാണ് വഖ്ഫ് സമ്പ്രദായം. നൂറ്റാണ്ടുകളായി മുസ്‌ലിം സമൂഹത്തിന്റെ സാമൂഹിക ക്ഷേമത്തിന് അത് വലിയ സംഭാവന നൽകിയിട്ടുണ്ട്.

അതുകൊണ്ടുതന്നെ വഖ്ഫ് സ്വത്തുക്കളുടെ ഡിജിറ്റൽ രേഖീകരണം സുതാര്യവും നിയമാനുസൃതവും വിശ്വാസയോഗ്യവുമായ രീതിയിൽ നടക്കേണ്ടത് അനിവാര്യമാണ്. യഥാർഥ വഖ്ഫ് സ്വത്തുക്കൾ രേഖകളുടെ സാങ്കേതിക പിഴവുകളുടെയോ നടപടിക്രമത്തിലെ അപാകതകളുടെയോ പേരിൽ നഷ്ടപ്പെ ടുന്ന സാഹചര്യം ഉണ്ടാകരുത്. അതുപോലെ അനധികൃത അവകാശവാദങ്ങൾക്കും ഇടമുണ്ടാകരുത്.

ഈ സാഹചര്യത്തിൽ ആവശ്യമായത് വിശ്വാസ്യതയാണ്. നിരസിക്കപ്പെട്ട എല്ലാ അപേക്ഷകൾക്കും വ്യക്തമായ കാരണം അറിയിക്കുക, ആവശ്യമായ രേഖകൾ തിരുത്തി സമർപ്പിക്കാൻ ന്യായമായ അവസരം നൽകുക, സ്വതന്ത്രവും സുതാര്യവുമായ പരാതിപരിഹാര സംവിധാനം രൂപപ്പെടുത്തുക, ചരിത്രപരമായ വഖ്ഫ് സ്വത്തുക്കളുടെ പ്രത്യേക സാഹചര്യം പരിഗണിക്കുക എന്നിവയാണ് മുന്നോട്ടുള്ള വഴി.

വഖ്ഫ് സ്വത്തുക്കൾ ഒരു സമുദായത്തിന്റെ സാമ്പത്തിക ആസ്തി മാത്രമല്ല; അവ മതപരവും സാമൂഹികവും ചരിത്രപരവുമായ പൈതൃകമാണ്. അതിനാൽ അവയുടെ സംരക്ഷണവും രജിസ്ട്രേഷനും നിയമത്തിന്റെ അടിസ്ഥാനത്തിലും നീതിയുടെയും സുതാര്യതയുടെയും ആത്മാവിലും നടപ്പാക്കപ്പെടേണ്ടത് ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമാണ്. ■



3

# യു.ഡി.എഫ് മാനിഫെസ്റ്റോയും കേരളത്തിലെ വിദ്യാഭ്യാസ ഭാവിയും

സി മുഹമ്മദ് അജ്മൽ
: 8124301015

യുഡിഎഫ് പ്രകടന പത്രികയിൽ പരാമർശിക്കുന്ന, അതോടൊപ്പം പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി സതീശൻ പല തവണ എടുത്തു പറഞ്ഞ കാര്യമാണ് നമ്മൾ മേധാവിത്വ ചോർച്ച (Brain Drain) തടയണം എന്നുള്ളത്. കേരളത്തിലെ മേധാവിത്വ ചോർച്ചയെക്കുറിച്ച് (ഉന്നതവിദ്യാഭ്യാസത്തിനായും ജോലിക്കായും യുവാക്കൾ കൂട്ടത്തോടെ സംസ്ഥാനം വിടുന്ന അവസ്ഥ) ചർച്ച ചെയ്യുമ്പോൾ നമ്മൾ സാധാരണ ചോദിക്കാറുള്ളത് ചില സ്ഥിരം ചോദ്യങ്ങളാണ്:

കുട്ടികൾ എങ്ങോട്ടാണ് പോകുന്നത്? ബംഗളൂരുവിലേക്കാണോ? അതോ കാനഡ, യുകെ, ഓസ്ട്രേലിയ, ജർമനി തുടങ്ങിയ വിദേശരാജ്യങ്ങളിലേക്കാണോ?

ഇതിനെല്ലാം മുമ്പ് നമ്മൾ ചോദിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇതാണ്: 'അവർ എന്തുകൊണ്ടാണ് ഇവിടുന്ന് പോകുന്നത്?'

മേധാവിത്വ ചോർച്ച എന്ന പ്രതിഭാസത്തിന്റെ കഥ തുടങ്ങുന്നത് അവർ ചെന്നെത്തുന്ന വിദേശ രാജ്യങ്ങളിലല്ല; മറിച്ച്, കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്താണ്. നമ്മുടെ കുട്ടികൾ കേരളം വിടുന്നത് കേവലം ഒരു 'വിദേശ സ്വപ്നം' (Foreign Dream) തലയ്ക്കുപിടിച്ചിട്ടല്ല. പലപ്പോഴും കൃത്യമായ മറ്റു വഴികളില്ലാത്തതുകൊണ്ടുള്ള നിരാശയിൽനിന്നാണ് (Desperation) ഈ പലായനങ്ങളുണ്ടാകുന്നത്.

**മേധാവിത്വ ചോർച്ച എന്ന പ്രതിഭാസത്തിന്റെ കഥ തുടങ്ങുന്നത് അവർ ചെന്നെത്തുന്ന വിദേശ രാജ്യങ്ങളിലല്ല; മറിച്ച്, കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്താണ്. നമ്മുടെ കുട്ടികൾ കേരളം വിടുന്നത് കേവലം ഒരു 'വിദേശ സ്വപ്നം' (Foreign Dream) തലയ്ക്കുപിടിച്ചിട്ടല്ല. പലപ്പോഴും കൃത്യമായ മറ്റു വഴികളില്ലാത്തതുകൊണ്ടുള്ള നിരാശയിൽനിന്നാണ് (Desperation) ഈ പലായനങ്ങളുണ്ടാകുന്നത്.**

നമ്മുടെ ആർട്സ് ആൻഡ് സയൻസ്, എഞ്ചിനീയറിംഗ് കോളേജുകളിൽ പലതിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. അവിടെ പഠിച്ചിട്ട് പ്രത്യേകിച്ച് ഗുണമില്ല എന്ന ചിന്തയിലാണ് കുട്ടികൾ; അനുയോജ്യമായ കോഴ്സുകളില്ല, മികച്ച തൊഴിൽ ലഭ്യതാ സൗകര്യങ്ങൾ (Placement) ഇല്ല, വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ സിലബസില്ല (Industry-ready curriculum), കോളേജ് ബിരുദങ്ങൾക്ക് മാർക്കറ്റിൽ മൂല്യമില്ല, സംസ്ഥാനത്തിനകത്ത് മതിയായ തൊഴിലവസരങ്ങളില്ല!

ഈ സാഹചര്യത്തിൽ വിദ്യാർഥികളും അവരുടെ രക്ഷിതാക്കളും വിദേശ കുടിയേറ്റത്തെ ഒരു രക്ഷപ്പെടലായി (Escape route) കാണുന്നു. ഇതാണ് കേരളം നേരിടുന്ന യഥാർഘ ഉന്നതവിദ്യാഭ്യാസ പ്രതിസന്ധി.

**പ്രശ്നം 1: ഡിഗ്രിയുണ്ട്; പക്ഷേ, ജോലിയില്ല**

കേരളം ഓരോ വർഷവും പതിനായിരക്കണക്കിന് എഞ്ചിനീയറിംഗ്, പ്രൊഫഷണൽ ബിരുദധാരികളെയാണ് പുറത്തിറക്കുന്നത്. എന്നാൽ അവരിൽ ഭൂരിഭാഗം പേർക്കും തങ്ങൾ പഠനത്തിനായി ചെലവഴിച്ച പണത്തെയും സമയത്തെയും ന്യായീകരിക്കുന്ന തരത്തിലുള്ള ഒരു ജോലി ലഭിക്കുന്നില്ല. വലിയൊരു വിഭാഗം തൊഴിൽ ലഭിക്കാത്തവരാണ്. ജോലി കിട്ടുന്നവർക്ക് കിട്ടുന്ന പാക്കേജ് ശരാശരി 3-4 ലക്ഷമാണ്. ജോലിക്ക് കേറിക്കഴിഞ്ഞാലും ഉന്നത സ്ഥാനങ്ങളിലേക്കുള്ള അവസരങ്ങൾ കുറവാണ്.

ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ: ഇതിനേക്കാൾ വലിയൊരു മുന്നറിയിപ്പ് സൂചന മറ്റൊന്നുമല്ല; കേരളത്തിലെ പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും 50% ഇൽ അധികം സീറ്റുകളും ഇന്ന് ഒഴിഞ്ഞുകിടക്കുകയാണ്. ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ഇങ്ങനെ തന്നെ!

വിപണി വളരെ വ്യക്തമായ സൂചനയാണ് നൽകുന്നത്. വിദ്യാർഥികളും രക്ഷിതാക്കളും തങ്ങളുടെ തീരുമാനങ്ങളിലൂടെ അത് തെളിയിച്ചു കഴിഞ്ഞു. കേരളത്തിലെ കുട്ടികൾക്ക് ഇവിടുത്തെ കോളേജുകളിൽ പഠിക്കാൻ താൽപര്യമില്ലെങ്കിൽ, അത് മാർക്കറ്റിംഗിന്റെ കുറവല്ല, മറിച്ച് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമില്ലായ്മയാണ് (Product Problem).

**പ്രശ്നം 2: സംസ്ഥാനത്തിനകത്ത് മതിയായ അവസരങ്ങളില്ല**

കേരളത്തിലെ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയെല്ലാംകൂടി ആകെ ഉൾക്കൊള്ളുന്നത് ഏകദേശം 1.5 ലക്ഷം ഐടി ജീവനക്കാരെയാണ്. എന്നാൽ ബംഗളൂരുവിൽ മാത്രം ഏകദേശം 20 ലക്ഷം ഐടി ജീവനക്കാരുണ്ട്. അതായത് ബംഗളൂരുവിലെ ഐടി വർക്ക്ഫോഴ്സ് കേരളത്തിന്റെ മുഴുവൻ ഐടി മേഖലയേക്കാളും 13 മടങ്ങ് വലുതാണ്.

തീർച്ചയായും കേരളത്തിലെ ഐടി മേഖല വളരുന്നുണ്ട്, ഇൻഫോപാർക്കിൽനിന്നുള്ള കയറ്റുമതി ഉയരുന്നുണ്ട്, സ്റ്റാർട്ടപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുന്നുണ്ട്, ആയിരക്കണക്കിന് സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ ലഭിക്കുന്നുമുണ്ട്. പക്ഷേ, ഈ വലിയ നഗരങ്ങളുമായുള്ള താരതമ്യം വരുമ്പോൾ നമ്മൾ വളരെ പിന്നിലാണ്.

ബംഗളൂരുവിൽ പഠിക്കുന്ന ഒരു കമ്പ്യൂട്ടർ സയൻസ് ബിരുദധാരി പ്ലേസ്മെന്റിന് ഇരിക്കുമ്പോൾ നൂറുകണക്കിന് കമ്പനികളാണ് മികച്ച കുട്ടികളെ കണ്ടെത്താൻ മത്സരിക്കുന്നത്. എന്നാൽ അതേ നിലവാരമുള്ള ഒരു വിദ്യാർഥി കേരളത്തിലാണ് പഠിക്കുന്നതെങ്കിൽ ക്യാമ്പസിലേക്ക് വരുന്നത് പരമാവധി 15-20 കമ്പനികളായിരിക്കും; അവരാകട്ടെ 3-4 LPA പോലുള്ള കുറഞ്ഞ പാക്കേജുകളാണ്

**സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതികൾ (Education Loan Repayment Support) ആശ്വാസകരമാണെങ്കിലും അതൊരു താൽകാലിക ചികിത്സ (Band-aid) മാത്രമാണ്. യഥാർഥ രോഗം മറ്റൊന്നാണ്: മാർക്കറ്റിൽ വിലയില്ലാത്ത ബിരുദങ്ങൾക്കായി നമ്മുടെ കുടുംബങ്ങൾ കടം വാങ്ങുന്നു, ജോലി കിട്ടാത്ത കോഴ്സുകൾക്കായി കുട്ടികൾ നാടുവിടുന്നു. വിദേശ ബിരുദങ്ങൾ അനിശ്ചിതത്വത്തിലാകുമ്പോഴും ഈ എടുത്ത കടങ്ങൾ മാത്രം യാഥാർഥ്യമായി അവശേഷിക്കുന്നു.**



ഓഫർ ചെയ്യുക. അങ്ങനെയെങ്കിൽ, കുട്ടികൾ നാടുവിടുന്നത് വെറുമൊരു വൈകാരിക തീരുമാനമല്ല (Emotional decision), മറിച്ച് വളരെ ചിന്തിച്ചെടുക്കുന്ന ഒരു പ്രായോഗിക തീരുമാനമാണ് (Rational decision).

**പ്രശ്നം 3: കാലഹരണപ്പെട്ട കോഴ്സുകളും ഇഴഞ്ഞുനീങ്ങുന്ന പരിഷ്കരണങ്ങളും**

സാങ്കേതിക സർവകലാശാല (KTU) 2024ൽ പുതിയ പദ്ധതി കൊണ്ടുവന്നത് നല്ലൊരു കാര്യമാണ്. എഐ, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ സ്പെഷ്യലൈസേഷനുകളും പ്രായോഗിക ഘടകങ്ങളും ഉൾപ്പെടുത്തിയുള്ള ഈ മാറ്റം സ്വാഗതാർഹവുമാണ്. പക്ഷേ, ഇവിടെ പ്രസക്തമായ ചോദ്യം ഇതാണ്: ‘ഇത്തരമൊരു മാറ്റത്തിനായി നമ്മൾ 2024 വരെ കാത്തിരിക്കേണ്ടിവന്നത് എന്തുകൊണ്ടാണ്?’

ലോകം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഫുൾ-സ്റ്റാക്ക് ഡെവലപ്മെന്റ്, പ്രൊഡക്ട് തിങ്കിങ് എന്നിവയെ അടിസ്ഥാന യോഗ്യതകളായി കാണുമ്പോൾ, നമ്മുടെ സർവകലാശാലാ സിലബസുകൾ വർഷങ്ങൾ പുറകിലായിരുന്നു. ബംഗളൂരു, പൂനെ, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിലെ പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ എല്ലാ വർഷവും തങ്ങളുടെ സിലബസ് പുതുക്കാറുണ്ട്. ഗൂഗിൾ, ആമസോൺ (AWS), മൈക്രോസോഫ്റ്റ് തുടങ്ങിയ ആഗോള കമ്പനികളുടെ സർട്ടിഫിക്കേഷനുകൾ അവർ കോഴ്സിന്റെ ഭാഗമാക്കുന്നു. ഇന്റേൺഷിപ്പുകൾ ഡിഗ്രി നേടുന്നതിന് നിർബന്ധമാക്കുന്നു.

എന്നാൽ കേരളത്തിലെ അഫിലിയേറ്റഡ് കോളേജ് സമ്പ്രദായത്തിൽ (Affiliated college model)) ഒരു സർവകലാശാലയാണ് നൂറിലധികം കോളേജുകളുടെ സിലബസ് നിയന്ത്രിക്കുന്നത്. ഇത് പെട്ടെന്നുള്ള മാറ്റങ്ങളെ തടസ്സപ്പെടുത്തുന്നു. ഒരു സിലബസ് മാറ്റം അനുമതി കിട്ടി നടപ്പിലാക്കിവരുമ്പോഴേക്കും വ്യവസായമേഖല അതിവേഗം മാറിപ്പോയിട്ടുണ്ടാകും.

അതുകൊണ്ട്, യഥാർഥ പ്രശ്നം കുട്ടികൾ കേരളം വിടുന്നു എന്നതല്ല; മറിച്ച്, കേരളം അവർക്ക് നൽകുന്നത് കാലഹരണപ്പെട്ട ബിരുദങ്ങളും മോശം പ്ലേസ്മെന്റുകളും ദുർബലമായ ഇൻഡസ്ട്രി എക്സ്പോഷറും മാത്രമാണെന്നതാണ്.

**പ്രശ്നം 4: വിദേശങ്ങളിൽ അവരെ കാത്തിരിക്കുന്നത് എന്താണ്?**

ഇവിടെയാണ് ഈ കഥ നിരാശയിൽനിന്ന് അപകടകരമായ അവസ്ഥയിലേക്ക് മാറുന്നത്. പത്ത് വർഷം മുമ്പ് യുകെ, കാനഡ, ഓസ്ട്രേലിയ, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് പോയ വിദ്യാർഥി

കൾക്ക് ചില മുൻതൂക്കങ്ങൾ (Early-mover advantage) ഉണ്ടായിരുന്നു. അവർക്ക് നല്ല വിദ്യാഭ്യാസം കിട്ടി, മികച്ച തൊഴിൽ പരിചയം ലഭിച്ചു, സ്ഥിരതാമസത്തിനുള്ള അനുമതിയും തങ്ങൾ നിക്ഷേപിച്ച പണവും വേഗത്തിൽ തിരിച്ചുകിട്ടി. പക്ഷേ, ആ സുവർണാവസരം ഇപ്പോൾ അവസാനിക്കുകയാണ്. നിർഭാഗ്യവശാൽ, കേരളത്തിലെ പല കുടുംബങ്ങളും 2026ൽ തീരുമാനങ്ങളെടുക്കുന്നത് 2018ലെ സാഹചര്യങ്ങൾ മനസ്സിൽ വെച്ചാണ്.

### ഇന്ത്യൻ പണത്തെ ആശ്രയിക്കുന്ന വിദേശ സർവകലാശാലകൾ

ഇന്ന് പല വിദേശ സർവകലാശാലകളും നിലനിൽക്കുന്നത് ഇന്ത്യൻ വിദ്യാർഥികൾ നൽകുന്ന വൻ തുക ഫീസിനെ ആശ്രയിച്ചാണ്. യുകെയിലെ സർവകലാശാലകൾ അന്താരാഷ്ട്ര വിദ്യാർഥികളിൽനിന്ന് കോടിക്കണക്കിന് രൂപയാണ് വരുമാനമുണ്ടാക്കുന്നത്. എന്നിട്ടും പല യൂണിവേഴ്സിറ്റികളും വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഓസ്ട്രേലിയയിൽ അന്താരാഷ്ട്ര വിദ്യാർഥികൾ അവിടുത്തെ പ്രാദേശിക വിദ്യാർഥികളെക്കാൾ പലമടങ്ങ് ഫീസാണ് അടയ്ക്കുന്നത്.

കാനഡയിൽ 2024ൽ ഇരുപതിനായിരത്തോളം ഇന്ത്യൻ വിദ്യാർഥികൾ അഡ്മിഷൻ എടുത്തിട്ടും ക്ലാസുകളിൽ ഹാജരായിട്ടില്ലെന്ന വിവരങ്ങൾ പുറത്തുവന്നു - ഇത് വിസ തട്ടിപ്പ് മാത്രമാണ്. ഓസ്ട്രേലിയയിൽ വ്യാജ കോളേജുകൾ (Ghost colleges)പൂട്ടിക്കുകയും പല വൊക്കേഷണൽ കോഴ്സുകളുടെയും അംഗീകാരം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ നാട്ടിലെ എഡ്യൂക്കേഷൻ കൺസൾട്ടന്റുകൾ പലപ്പോഴും കമ്മീഷൻ തുക മാത്രം ലക്ഷ്യം വെച്ചാണ് പ്രവർത്തിക്കുന്നത്. ഒരു വിദ്യാർഥിക്ക് ഏറ്റവും അനുയോജ്യമായ സ്ഥാപനം കണ്ടെത്തുക എന്നതല്ല, മറിച്ച് ഏതെങ്കിലും ഒരു സ്ഥാപനത്തിൽ അവരെ എത്തിക്കുക എന്നത് മാത്രമാണ് അവരുടെ ലക്ഷ്യം. ഈ സർവകലാശാലകളിൽ പലതും ലോകോത്തര സ്ഥാപനങ്ങളല്ല, മറിച്ച് സാമ്പത്തികമായി തകർച്ച നേരിടുന്നവയാണ്. നമ്മുടെ കുട്ടികളുടെ പണം കൊണ്ടാണ് അവ ഇന്ന് നിലനിന്നുപോകുന്നത്.

### അടയുന്ന വിദേശ വാതിലുകൾ

മലയാളി വിദ്യാർഥികൾ കൂടുതലായി ആശ്രയിക്കുന്ന രാജ്യങ്ങളെല്ലാം തന്നെ തങ്ങളുടെ കുടിയേറ്റ നിയമങ്ങൾ (Immigration rules) കർശനമാക്കുകയാണ്.

*കാനഡ:* സ്റ്റഡി പെർമിറ്റുകൾക്ക് പരിധി (Cap) ഏർപ്പെടുത്തി, പിജിഡബ്ല്യുപി (PGWP) നിയന്ത്രണങ്ങൾ കടുപ്പിച്ചു. ഇതിനാൽ ഇന്ത്യൻ വിദ്യാർഥികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്.

*ഓസ്ട്രേലിയ:* ഇന്ത്യയെ ഉയർന്ന റിസ്ക് ഉള്ള വിഭാഗത്തിലാണ് (Higher-risk category) അവർ ഉൾപ്പെടുത്തിയിരിക്കുന്നത്. വിസ നിരസിക്കപ്പെടുന്ന നിരക്ക് ഉയർന്നു, പുതിയ കോളേജ് രജിസ്ട്രേഷനുകൾ മരവിപ്പിച്ചു.

*യുകെ:* ഗ്രാജുവേറ്റ് വിസയുടെ കാലാവധി കുറച്ചു, സ്കിൽഡ് വർക്കർ ശമ്പള പരിധി ഉയർത്തി, ആശ്രിതരെ (Dependents) കൊണ്ടുവരുന്നതിനുള്ള നിയമങ്ങൾ കഠിനമാക്കി.

*ജർമനി:* കുറഞ്ഞ ചെലവും മികച്ച എഞ്ചിനീയറിംഗ് അന്തരീക്ഷവും ഉള്ളതുകൊണ്ട് ഇപ്പോഴും നല്ലൊരു ഓപ്ഷനാണ്. എങ്കിലും അവിടെയും മത്സരവും യോഗ്യതാ മാനദണ്ഡങ്ങളും കൂടുകയാണ്. ജർമൻ ഭാഷ പഠിക്കുക, കഠിനമായ അക്കാദമിക് നിലവാരം പുലർത്തുക, അവിടുത്തെ സംസ്കാരവുമായി പൊരുത്തപ്പെടുക എന്നിവയൊന്നും അത്ര എളുപ്പമല്ല.

ചുരുക്കത്തിൽ, വിദേശ വിദ്യാഭ്യാസം എന്നത് പഴയതുപോലെ ഒരു വിജയത്തിന്റെ ഗ്യാരന്റിയല്ല. തെറ്റായ യൂണിവേഴ്സിറ്റി + തെറ്റായ രാജ്യം + വലിയ തുകയുടെ ലോൺ + തെറ്റായ വിസ ധാരണകൾ = ഒരു കുടുംബത്തിന്റെ പൂർണമായ സാമ്പത്തിക തകർച്ചയ്ക്ക് ഇത് കാരണമാകാം.

### കേരളത്തിലെ വിദ്യാഭ്യാസ വായ്പ പ്രതിസന്ധി

മേധാവിത്വ ചോർച്ച എന്ന കഥ ഒരു വലിയ സാമ്പത്തിക പ്രതിസന്ധിയായി മാറുന്നത് ഇവിടെയാണ്. കേരളത്തിലെ ആകെ വിദ്യാഭ്യാസ വായ്പ തുക ഏകദേശം 10,220 കോടി രൂപയാണ്. ഇന്ത്യയിലെ ആകെ ജനസംഖ്യയിൽ കേരളം വെറും 2.7% മാത്രമാണ്. എന്നാൽ രാജ്യത്തെ ആകെ വിദ്യാഭ്യാസ വായ്പകളിൽ 10 ശതമാനത്തിലധികവും കേരളത്തിലാണ്!

കേരളത്തിലെ വിദേശ വായ്പകളുടെ തിരിച്ചടവ് മുടങ്ങുന്ന നിരക്ക് (Default rate) ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതലാണ്. ഏകദേശം 1,300 കോടിയിലധികം രൂപയാണ് തിരിച്ചടവ് മുടങ്ങിയ വായ്പകളായി (NPA) കിടക്കുന്നത്. ഇത് വെറും ബാങ്കിംഗ് കണക്കുകൾ മാത്രമല്ല, ഓരോ കുടുംബത്തിന്റെയും കണ്ണീരിന്റെ കണക്കുകളാണ്. ഈ ഓരോ കിട്ടാക്കടത്തിന് പിന്നിലും ജപ്തി നോട്ടീസ് ഭയക്കുന്ന വീടുകളും പണയം വെച്ച സ്വർണവും സമ്പാദ്യം മുഴുവൻ നഷ്ടപ്പെട്ട മാതാപിതാക്കളും കൺസൾട്ടന്റുമാരുടെ കെണിയിൽ വീണുപോയ കുട്ടികളുമുണ്ട്.

2022ൽ കൊല്ലത്ത് അഭിരാമി എന്ന ഇരുപതുവയസ്സുകാരി കടബാധ്യതയെത്തുടർന്ന് ആത്മഹത്യ ചെയ്ത സംഭവം കേരളത്തെ നടുക്കിയതാണ്. ബാങ്കിൽനിന്നുള്ള ജപ്തി നോട്ടീസ് വന്നതിന് പിന്നാലെയുണ്ടായ ഈ ദാരുണ സംഭവം ഈ പ്രതിസന്ധിയുടെ ഭീകരത വ്യക്തമാക്കുന്നു. സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതികൾ (Education Loan Repayment Support) ആശ്വാസകരമാണെങ്കിലും അതൊരു താൽകാലിക ചികിത്സ (Band-aid) മാത്രമാണ്. യഥാർഥ രോഗം മറ്റൊന്നാണ്: മാർക്കറ്റിൽ വിലയില്ലാത്ത ബിരുദങ്ങൾക്കായി നമ്മുടെ കുടുംബങ്ങൾ കടം വാങ്ങുന്നു, ജോലി കിട്ടാത്ത കോഴ്സുകൾക്കായി കുട്ടികൾ നാടുവിടുന്നു. വിദേശ ബിരുദങ്ങൾ അനിശ്ചിതത്വത്തിലാകുമ്പോഴും ഈ എടുത്ത കടങ്ങൾ മാത്രം യാഥാർഥ്യമായി അവശേഷിക്കുന്നു.

*(തുടരും)*

# ഭക്ഷണവും ആരോഗ്യവും

ഡോ. സലീല കെ, കോട്ടക്കൽ




**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ആരോഗ്യകരമായ എണ്ണകൾ: പാചകത്തിന് വെളിച്ചെണ്ണ, ഒലീവ് ഓയിൽ, തവിടെണ്ണ എന്നിവ മിതമായ അളവിൽ മാത്രം ഉപയോഗിക്കുക.
- പാനീയങ്ങൾ: ഭക്ഷണത്തോടൊപ്പം മധുരമുള്ള സോഡകളോ കൃത്രിമ ജ്യൂസുകളോ ഒഴിവാക്കി സാധാരണ വെള്ളം, തിളപ്പിച്ചാറ്റിയ വെള്ളം, ഉപ്പില്ലാത്ത സംഭാരം (മോര്) കുടിക്കുക.
- ഇടനേരത്ത് (ഉദാ: 10 മണി, വൈകുന്നേരം) വിശക്കുന്നുണ്ടെങ്കിൽ ബേക്കറി പലഹാരങ്ങൾക്ക് പകരം അധികം മധുരമില്ലാത്ത പഴവർഗങ്ങൾ, നട്ട്സ് എന്നിവ മിതമായ അളവിൽ കഴിക്കാം.

**ജലപാനത്തിന്റെ പ്രാധാന്യം**

ഭക്ഷണത്തോളം തന്നെ പ്രാധാന്യമുള്ളതാണ് ശരീരത്തിൽ ജലാംശം നിലനിർത്തുക എന്നത്. ദിവസം കുറഞ്ഞത് 8 മുതൽ 10 ഗ്ലാസ്സ് (2-3 ലിറ്റർ) വെള്ളമെങ്കിലും കുടിക്കണം. വെള്ളം കുടിക്കുന്നത് ദഹനപ്രക്രിയ സുഗമമാക്കാനും ശരീരത്തിലെ വിഷാംശങ്ങളെ (Toxins) പുറന്തള്ളാനും ചർമത്തിന്റെ ഭംഗി നിലനിർത്താനും സഹായിക്കുന്നു. എന്നാൽ ഭക്ഷണത്തിനിടയിൽ അമിതമായി വെള്ളം കുടിക്കുന്നത് ദഹനരസങ്ങളുടെ വീര്യം കുറയ്ക്കും. ഭക്ഷണത്തിന് 15 മിനുട്ടു മുമ്പ് വെള്ളം കുടിക്കുന്നത്

ഭക്ഷണം അമിതമായി കഴിക്കുന്നത് തടയാൻ സഹായിക്കും

**ഒഴിവാക്കേണ്ട ഹാനികരമായ ശീലങ്ങൾ**

നല്ല ഭക്ഷണങ്ങൾ തിരഞ്ഞെടുക്കുന്നതിനൊപ്പം ദോഷകരമായവ ഉപേക്ഷിക്കുകയും വേണം.

- ഫാസ്റ്റ് ഫുഡും ജങ്ക് ഫുഡും: കൃത്രിമ നിറങ്ങളും രുചി കൂട്ടാൻ കെമിക്കലുകളും ചേർത്ത ഫാസ്റ്റ് ഫുഡുകൾ പൊണ്ണത്തടിയിലേക്കും ഹൃദ്രോഗത്തിലേക്കുംനയിക്കും.
- അമിത മധുരവും ഉപ്പും: പഞ്ചസാരയുടെ അമിത ഉപയോഗം പ്രമേഹത്തിന് കാരണമാകും. ഉപ്പ് കൂടുന്നത് രക്തസമ്മർദം (Hyper tension) വർധിപ്പിക്കും.
- ബേക്കറി പലഹാരങ്ങളും കാർബണേറ്റഡ് പാനീയങ്ങളും: എണ്ണയിൽ വറുത്ത പലഹാരങ്ങളും സോഡ അടങ്ങിയ പാനീയങ്ങളും ഫാറ്റി ലിവർ വരുന്നതിനും മറ്റു ആന്തരിക അവയവങ്ങളുടെ ആരോഗ്യത്തെ നശിപ്പിക്കുന്നതിനുംകാരണമാകും

**ഭക്ഷണ ശുചിത്വവും സംഭരണവും**

നല്ല ഭക്ഷണം പോലും വൃത്തിഹീനമായ സാഹചര്യത്തിൽ വിഷമായി മാറിയേക്കാം.

- പാകം ചെയ്യുന്നതിന് മുമ്പും കഴിക്കുന്നതിന് മുമ്പും കൈകൾനന്നായികഴുകുക.
- പച്ചക്കറികളിലും പഴങ്ങളിലും അടങ്ങിയിരിക്കുന്ന കീടനാശിനികൾ കളയാൻ അവ വിനാഗിരിയോ ഉപ്പോ ചേർത്ത വെള്ളത്തിൽ കുറച്ചുനേരം മുക്കിവെച്ച ശേഷം കഴുകുക.
- ഫ്രിഡ്ജിൽ വെച്ച് പഴകിയ ഭക്ഷണം വീണ്ടും വീണ്ടും ചൂടാക്കി കഴിക്കുന്നത് ഭക്ഷ്യവിഷബാധക്ക് കാരണമാകാം. അതിനാൽ പുതിയതായി പാകം ചെയ്ത ഭക്ഷണം കഴിക്കാൻ ശ്രമിക്കുക.

**ഭക്ഷണ മര്യാദകൾ ഇസ്‌ലാമിൽ**

ഭക്ഷണ ശുചിത്വത്തെയും മര്യാദകളെയും കുറിച്ച് പ്രതിപാദിക്കുന്ന പ്രമുഖമായ ചില ഹദീസുകൾ (പ്രവാചക വചനങ്ങൾ) താഴെ നൽകുന്നു:

1. ഭക്ഷണം കഴിക്കുന്നതിന് മുമ്പും ശേഷവും കൈ കഴുകൽ:

“ഭക്ഷണത്തിന്റെ ബറക്കത്ത് (അനുഗ്രഹം) എന്നത് അതിന് മുമ്പും ശേഷവും വുദൂഅ് ചെയ്യലാണ്” (സുനൻ അബൂദാവൂദ്: 3761). കൈയും വായയും വൃത്തിയാക്കൽ ഇതിലൂടെ നടക്കുന്നു.

2. ഭക്ഷണത്തിലേക്ക് ഊതുന്നത് വിലക്കി:

ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു: “ഭക്ഷണത്തിലോ പാനീയത്തിലോ ശ്വാസം വിടുന്നതോ ഊതുന്നതോ പ്രവാചകൻ(സ്വ) വിലക്കിയിരിക്കുന്നു” (സുനനു അബൂദാവൂദ്: 3728).

3. പാത്രങ്ങൾ മൂടിവെക്കണം:

പ്രവാചകൻ(സ്വ) പറഞ്ഞു: “നിങ്ങൾ പാത്രങ്ങൾ മൂടിവെക്കുക, തോൽപ്പാത്രങ്ങളുടെ വായ കെട്ടിവെക്കുക. കാരണം വർഷത്തിൽ ഒരു രാത്രിയുണ്ട്, അതിൽ പകർച്ചവ്യാധികൾ ഇറങ്ങിവരും. മൂടിവെക്കാത്ത പാത്രങ്ങളിലോ കെട്ടാത്ത പാനീയങ്ങളിലോ അത് ചെന്നു വീഴാതിരിക്കില്ല” (സ്വഹീഹു മുസ്‌ലിം: 2014).

4. വലതുകൈ കൊണ്ട് മുന്നിൽ നിന്ന് കഴിക്കൽ:

ഉമർ ബിൻ അബീസലമ (റ) പറയുന്നു: “ഞാൻ കുട്ടിയായിരുന്നപ്പോൾ എന്റെ കൈ പാത്രത്തിൽ നാലുപാടും നടക്കുമായിരുന്നു. അപ്പോൾ പ്രവാചകൻ(സ്വ) എന്നോട് പറഞ്ഞു: ‘കുട്ടീ, നീ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക (ബിസ്മി ചൊല്ലുക), നിന്റെ വലതുകൈ കൊണ്ട് കഴിക്കുക, നിന്റെ അടുത്തുള്ള ഭാഗത്തുനിന്ന് കഴിക്കുക” (സ്വഹീഹുൽ ബുഖാരി: 5376).

5. മിതത്വം പാലിക്കൽ:

പ്രവാചകൻ(സ്വ) പറഞ്ഞു: “മനുഷ്യൻ തന്റെ വയറിനെക്കാൾ മോശമായ ഒരു പാത്രവും നിറച്ചിട്ടില്ല. മനുഷ്യന് അവന്റെ നട്ടെല്ല് നിവർത്തി നിർത്താൻ ഏതാനും ലോലമായ ഭക്ഷണങ്ങൾ മതിയാകും. ഇനി അത്രയും നിർബന്ധമാണെങ്കിൽ, മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് ശ്വാസോച്ഛ്വാസത്തിനുമായി മാറ്റിവെക്കട്ടെ” (സുനനു തിർമിദി: 2380).

*ഉപസംഹാരം: ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ശരിയായ ഭക്ഷണ ബോധവൽക്കരണം അത്യന്താപേക്ഷിതമാണ്. നാവ് ആവശ്യപ്പെടുന്ന രുചിക്കപ്പുറം ശരീരം ആവശ്യപ്പെടുന്ന പോഷകങ്ങൾക്ക് മുൻഗണന നൽകാൻ നമ്മൾ പഠിക്കണം. ‘ഭക്ഷണം തന്നെയാകട്ടെ നമ്മുടെ മരുന്ന്’ എന്ന ഹിപ്പോക്രാറ്റസിന്റെ വചനം ഓർമിച്ചുകൊണ്ട്, നല്ല ഭക്ഷണ ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കാൻ നമുക്ക് പ്രതിജ്ഞ ചെയ്യാം. ഇസ്‌ലാം അനുശാസിക്കുന്ന ഭക്ഷണമര്യാദകൾ പിന്തുടരാം.* ■

# ഖവാരിജുകളുമായുള്ള സംവാദം!

ശമീർ മദീനി
: 9048 221 212



പിശാചിന്റെ കെണികളിൽ അകപ്പെട്ടു സത്യത്തിനെതിരിൽ ഏറെ ആവേശത്തോടും വൈകാരികതയോടും കൂടി നിലയുറപ്പിച്ച കക്ഷിയായിരുന്നു ഖവാരിജുകൾ. എന്തെല്ലാം അനർഥങ്ങളാണ് അവരിലൂടെ മുസ്‌ലിം ഉമ്മത്തിനുണ്ടായത് എന്ന കാര്യം ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. എന്നാൽ, അറിവും പക്വതയുമുള്ള നേതാക്കളും പണ്ഡിതന്മാരും സമയോചിതം ഇടപെട്ടാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പലർക്കും സത്യം ഉൾക്കൊള്ളാനും തങ്ങളുടെ തെറ്റുധാരണകൾ തിരുത്താനും അത് നിമിത്തമാകും എന്നതിന് മികച്ച ഉദാഹരണമാണ് ഇബ്നു അബ്ബാസ്(റ)വും ഖവാരിജ് ആശയം തലക്കുപിടിച്ച് അലി(റ)വിനെ എതിർത്ത് വേറിട്ട് നിന്നവരും തമ്മിൽ നടന്ന ആശയ സംവാദം.

ഇബ്നുൽ ജൗസി(റഹി) ആ സംഭവം ഉദ്ധരിക്കുന്നത് കാണുക: "ഇബ്നു അബ്ബാസ്(റ) പറയുന്നു: 'ഖവാരിജുകൾ ഇസ്‌ലാമിക ഭരണകൂടത്തെയും സമൂഹത്തെയും വിട്ട് മറ്റൊരു സ്ഥലത്തേക്ക് മാറിപ്പോയപ്പോൾ അവർ 6000 പേരുണ്ടായിരുന്നു. ഖലീഫ അലി(റ)വിന് എതിരിൽ വിപ്ലവവുമായി പുറപ്പെടാൻ അവർ ഒന്നടങ്കം തീരുമാനിക്കുകയും ചെയ്തു. അപ്പോൾ ഒരാൾ അലി(റ)വിന്റെ പിന്നാലെ കൂടി ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: 'അല്ലയോ അമീറുൽ മുഅ്മിനീൻ, ആളുകൾ താങ്കൾക്കെതിരെ പടപ്പുറപ്പാടുമായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്.' അപ്പോൾ അലി(റ) പറഞ്ഞു: 'അവരെ അവരുടെ പാട്ടിനു വിട്ടേക്കുക. അവർ നമ്മളോട് യുദ്ധം ചെയ്യുന്നതുവരെ നാം അവരോടും യുദ്ധം ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അത് അവർ താമസിയാതെ ചെയ്യും.'

അങ്ങനെ ഞാൻ (ഇബ്നു അബ്ബാസ്) ഒരു ദിവസം ദ്വുഹ്ർ നമസ്കാരത്തിന് വന്നപ്പോൾ അലി(റ) വിനോട് പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ, നമസ്കാരം അൽപനേരം പിന്തിക്കുകയാണെങ്കിൽ ഞാൻ അവരുമായി ഒന്ന് സംസാരിക്കാമായിരുന്നു.' അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: 'തീർച്ചയായും അവർ താങ്കളെ അപായപ്പെടുത്തുമെന്ന് ഞാൻ ഭയക്കുന്നു.'

അപ്പോൾ ഞാൻ (ഇബ്നു അബ്ബാസ് ) പറഞ്ഞു: 'ഇല്ല, ഞാൻ അവരുടെ അടുക്കൽ സൽസ്വഭാവിയും നല്ല മനുഷ്യനുമാണ്.'

അങ്ങനെ എനിക്ക് അദ്ദേഹം അവരുമായി സംസാരിക്കാൻ അനുവാദം നൽകി. അങ്ങനെ ഏറ്റവും നല്ല വസ്ത്രം ധരിച്ച്, മുടിയെല്ലാം ചീകിയൊതുക്കി ഞാൻ അവരുടെ അടുക്കലേക്ക് പുറപ്പെട്ടു. അവരെപ്പോലെ ആരാധനാകർമങ്ങളിൽ ഉത്സാഹികളായ

ആളുകളെ വേറെ ഞാൻ കണ്ടി ട്ടില്ല. സുജൂദുകൾ കാരണത്താൽ അവരുടെ നെറ്റിത്തടങ്ങളിൽ വ്ര ണങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. അവരു ടെ കൈകൾ ഒട്ടകങ്ങളുടെ മുട്ടു പോലെ തഴമ്പിച്ചിട്ടുണ്ട്. നിറം മങ്ങിയ, പഴകി നേർത്ത വസ്ത്ര ങ്ങളായിരുന്നു അവരുടെത്. രാ ത്രികാലങ്ങളിൽ ഉറക്കമൊഴിച്ച തിനാൽ മെലിഞ്ഞ് വിവർണമായ മുഖങ്ങളായിരുന്നു ഞാൻ കണ്ട ത്. ഞാൻ അവരോട് സലാം പറ ഞ്ഞു. അപ്പോൾ അവർ എനിക്ക് സ്വാഗതമരുളി, എന്താണ് ആഗ മനോദ്ദേശ്യം എന്ന് ആരാഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു: 'മുഹാ ജിറുകളും അൻസ്വാറുകളുമായ സ്വഹാബിമാരുടെ അടുക്കൽ നി ന്നാണ് ഞാൻ നിങ്ങളുടെ അടു ക്കലേക്ക് വന്നിട്ടുള്ളത്. അപ്ര കാരം തന്നെ നബി(സ്വ)യുടെ ജാമാതാവ് അലിയുടെ അടു ക്കൽനിന്നുമാണ് എന്റെ വരവ്. അവരിലേക്കാണല്ലോ ക്വുർആൻ അവതരിച്ചത്. നിങ്ങളെക്കാൾ ക്വുർആനിക വചനങ്ങളുടെ അർഥവും താൽപര്യവും അവർ ക്കാണ് കൂടുതൽ അറിയുക.' അപ്പോൾ അവരിൽപെട്ട ഒരു വിഭാഗം പറഞ്ഞു: 'നിങ്ങൾ ക്വു റൈശികളോട് - അഥവാ ഇബ്നു അബ്ബാസിനോട്- തർക്കിക്കേണ്ട; കാരണം അല്ലാഹു അവരെക്കു റിച്ച് പറഞ്ഞത് 'അവർ തർക്കം നടത്തുന്ന ഒരു ജനവിഭാഗമാണ്' എന്നാണ്.

അപ്പോൾ അവരുടെ കൂട്ട ത്തിൽനിന്ന് രണ്ടുമൂന്നാളുകൾ പറഞ്ഞു: 'ഇല്ല, ഞങ്ങൾ അദ്ദേ ഹത്തോട് സംസാരിക്കട്ടെ. കാ ര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് കഴിയുമല്ലോ?'

അപ്പോൾ ഞാൻ (ഇബ്നു അബ്ബാസ്) പറഞ്ഞു: 'നിങ്ങൾ നബി(സ്വ)യുടെ ജാമാതാവിന്റെ യും മുഹാജിറുകളുടെയും അൻ സ്വാറുകളുടെയും പേരിൽ എന്ത് കുറ്റമാണ് ആരോപിക്കുന്നത്? അവരിലേക്കാണല്ലോ വിശുദ്ധ ക്വുർആൻ അവതരിച്ചത്? അവ രിൽനിന്ന് ഒരാളെയും നിങ്ങളുടെ കൂട്ടത്തിൽ ഞാൻ കാണുന്നുമി ല്ല. അവരാണ് ക്വുർആനിന്റെ വി ശദീകരണം ഏറ്റവും കൂടുതൽ അറിയുന്നവർ.'

അവർ പറഞ്ഞു: 'മൂന്നു കാര്യ ങ്ങളാണ് പ്രധാനമായും ഞങ്ങൾ ക്ക് പറയാനുള്ളത്.'

ഞാൻ പറഞ്ഞു: 'ശരി, നി ങ്ങൾ പറയൂ.'

അവർ പറഞ്ഞു: 'ഒന്നാമത്തെ കാര്യം അദ്ദേഹം -അലി(റ)- അല്ലാഹുവിന്റെ കാര്യത്തിൽ ആളുകളെ വിധി പറയാൻ നി ശ്ചയിച്ചു. അല്ലാഹു പറഞ്ഞത് 'അല്ലാഹുവിനല്ലാതെ വിധി പറ യാൻ മറ്റാർക്കും അവകാശമില്ല' (12:67) എന്നാണ്. അല്ലാഹുവി ന്റെ ഈ വചനം നിലനിൽക്കെ ആ ആളുകൾക്കും അവർ വിധി ക്കുന്ന വിധിക്കും എന്ത് പ്രസക്തി യാണുള്ളത്?'

അപ്പോൾ ഞാൻ പറഞ്ഞു: 'ശരി, ഇത് ഒന്ന്. വേറെ എന്താ ണുള്ളത്?'

അവർ പറഞ്ഞു: 'രണ്ടാമ ത്തെ കാര്യം, അദ്ദേഹം യുദ്ധം ചെയ്യുകയും ആളുകൾ കൊ ല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആരെയും യുദ്ധത്ത ടവുകാരായി പിടിക്കുകയോ യുദ്ധാർജിത സ്വത്ത് (ഗനീമ ത്ത്) നേടുകയും ചെയ്തിട്ടില്ല. അവർ അഥവാ എതിരാളികൾ വിശ്വാസികളായിരുന്നുവെങ്കിൽ എങ്ങനെയാണ് അവർക്കെതി രെ യുദ്ധം ചെയ്യാനും അവരെ വധിക്കാനും സാധിക്കുക? എന്നിട്ടും എന്തുകൊണ്ടാണ് അവരിൽനിന്നും ഒരാളെയും യു ദ്ധത്തടവുകാരായി പിടികൂടാതി രുന്നത്?'

ഞാൻ ചോദിച്ചു: 'ശരി, മൂന്നാ മത്തേത് എന്താണ്?'

അവർ പറഞ്ഞു: 'അദ്ദേഹം സ്വന്തം പേരിൽനിന്ന് അമീറുൽ മുഅ്മിനീൻ എന്ന മഹത്തായ പേര് മായ്ച്ചുകളഞ്ഞു. നിശ്ചയം അദ്ദേഹം വിശ്വാസികളുടെ നേ താവല്ലെങ്കിൽ പിന്നെ അവിശ്വാ സികളുടെ നേതാവായിരിക്കും!'

ഞാൻ ചോദിച്ചു: 'ഇതല്ലാത്ത വേറെ വല്ലതും ഉണ്ടോ?'

അവർ പറഞ്ഞു: 'ഇതുതന്നെ മതിയല്ലോ.'

ഞാൻ അവരോട് പറഞ്ഞു: 'അദ്ദേഹം അല്ലാഹുവിന്റെ കാ ര്യത്തിൽ മനുഷ്യരെ വിധികർ ത്താക്കളാക്കി എന്ന് നിങ്ങൾ പറഞ്ഞല്ലോ, ഇതിനുള്ള മറുപ ടി ഞാൻ അല്ലാഹുവിന്റെ കിതാ ബിൽനിന്നുതന്നെ നിങ്ങൾക്ക് ഓതി തരാം. അത് നിങ്ങളുടെ ഈ വാദത്തെ ഖണ്ഡിക്കുന്നതാ ണെങ്കിൽ നിങ്ങൾ പ്രസ്തുത വാ ദത്തിൽ നിന്ന് പിന്തിരിയുമോ?'

അവർ പറഞ്ഞു: 'അതെ, തീർ ച്ചയായും.'

ഞാൻ പറഞ്ഞു: 'നിശ്ചയം, അല്ലാഹു തന്റെ കാര്യത്തിൽ ഒരു കാൽക്കാശിന്റെ വിഷയ ത്തിൽ അഥവാ ഒരു മുയലിന്റെ വിലയുടെയത്ര നിസ്സാര കാര്യ ത്തിൽ ആളുകളെ വിധി പറ യാൻ നിശ്ചയിച്ചത് നിങ്ങൾക്ക റിയില്ലേ? എന്നിട്ട് ക്വുർആനിലെ സൂറത്തുൽ മാഇദയിൽനിന്നുള്ള 'നിങ്ങൾ ഇഹ്റാമിലായിരിക്കെ വേട്ടമൃഗത്തെ കൊല്ലരുത്...'(5:95) എന്ന് തുടങ്ങുന്ന വചനം ഓതി ക്കേൾപ്പിച്ചു.'

*(തുടരും)*



# ദുരന്തങ്ങൾ: വീക്ഷണങ്ങളിലെ വൈജാത്യങ്ങൾ


## ടി.കെ അശ്‌റഫ്

ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199


കേരളത്തിൽ ഇന്ന് മഴക്കാലം ഭീതിയുടെയും ദുരന്തങ്ങളുടെയും കറുത്ത നാളുകളായാണ് കടന്നുപോ കുന്നത്. പ്രളയങ്ങളും ഉരുൾപൊട്ടലുകളും മറ്റും മാറിമാറി വരുന്ന, ഒരു ദുരന്തകാലത്തിന്റെ പ്രതീതിയാണ് ഇന്ന് നമ്മുടെ നാടിനുള്ളത്. പച്ചപ്പും പ്രകൃതിഭംഗിയും കൊണ്ട് അനുഗൃഹീതമായ നമ്മുടെ മലയോര മേഖലകൾ ഇന്ന് ഭയത്തോടെയല്ലാതെ നോക്കിക്കാണാൻ കഴിയാത്ത അവസ്ഥയിലാണ്.

യെല്ലോ, ഓറഞ്ച്, റെഡ് എന്നിങ്ങനെ വിവിധ അലർട്ടുകൾ മാറി മാറി പ്രഖ്യാപിക്കപ്പെടുമ്പോൾ, വിദ്യാലയങ്ങൾക്കും ഓഫീസുകൾക്കും അവധികൾ നൽകുമ്പോൾ നാം തിരിച്ചറിയേണ്ടത് പ്രകൃതിയിലൂടെ സ്രഷ്ടാവ് നമുക്ക് നൽകുന്ന ശക്തമായ ചില താക്കീതുകളെയാണ്. എന്നാൽ നിർഭാഗ്യവശാൽ, ദുരന്തങ്ങളെയും മനുഷ്യന്റെ വിലാപങ്ങളെയും റേറ്റിംഗിന് വേണ്ടിയുള്ള വഴികളാക്കി മാറ്റാനാണ് പല മാധ്യമങ്ങളും ചാനലുകളും മത്സരിക്കുന്നത്. ദുരന്തമുഖ

ത്തെ ഭീതി ജനങ്ങളിൽ കുത്തിവെക്കാനും മരണപ്പെട്ടവരുടെ കുടുംബങ്ങളുടെ കണ്ണീരിനെ റേറ്റിംഗ് കൂട്ടാനുള്ള ഉപാധിയാക്കാനും ചിലർ ശ്രമിക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള നിഷേധാത്മക ചിന്തകളും രാഷ്ട്രീയ വിവാദങ്ങളും ചർച്ചാവിഷയങ്ങളാക്കി മാറ്റപ്പെടുമ്പോൾ, യഥാർഥത്തിൽ നാം തിരിച്ചറിയേണ്ട ജാഗ്രതാ നിർദേശങ്ങളും മുന്നറിയിപ്പുകളും വിസ്മരിക്കപ്പെടുകയാണ് ചെയ്യുന്നത്. ഈയൊരു പ്രത്യേക സാഹചര്യത്തിൽ, ഒരു യഥാർഥ വിശ്വാസി ഈ സാഹചര്യത്തെ എങ്ങനെ നോക്കിക്കാണണം? ദുരന്തങ്ങളെയും പ്രതിസന്ധികളെയും നേരിടുമ്പോൾ പുലർത്തേണ്ട ഇസ്‌ലാമിക കാഴ്ചപ്പാടുകൾ എന്തെല്ലാമാണ്? ഇവ ഓരോന്നായി നാം വിശകലനം ചെയ്യേണ്ടതുണ്ട്.

**കാലത്തെ പഴിക്കരുത്**

പ്രതിസന്ധികൾ വരുമ്പോൾ പലരും കാലത്തെയും സമയത്തെയും സാഹചര്യങ്ങളെയും പഴിക്കുന്നത് കാണാം. എന്നാൽ കാലത്തെയും സമയത്തെയും നിയന്ത്രിക്കുന്നത് അല്ലാഹുവാണ് എന്ന ബോധം വിശ്വാസിക്കുണ്ടാകണം. മുഹമ്മദ് നബി(സ്വ)യുടെ ഒരു തിരുവചനത്തിൽ അല്ലാഹു വ്യക്തമാക്കുന്നത് ഇപ്രകാരമാണ്:

"ഉന്നതനായ അല്ലാഹു അരുൾ ചെയ്തിരിക്കുന്നു: ആദമിന്റെ മകൻ എന്നെ വിഷമിപ്പിക്കുന്നു. അവൻ കാലത്തെ ശകാരിക്കുന്നു (പഴിക്കുന്നു). എന്നാൽ ഞാനാണ് കാലം. എന്റെ കൈകളിലാണ് സർവ അധികാരങ്ങളും. രാപകലുകളെ മാറ്റിമറിക്കുന്നത് ഞാനാണ്. അതിനാൽ നിങ്ങൾ കാലത്തെ ശകാരിക്കരുത്, കാരണം അല്ലാഹുവാണ് കാലം (കാലത്തെ നിയന്ത്രിക്കുന്നവൻ)."

'എന്നെ വിഷമിപ്പിക്കുന്നു' എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം നമ്മുടെ വാക്കുകൾ കൊണ്ട് അല്ലാഹുവിന് എന്തെങ്കിലും പ്രയാസമുണ്ടാകുന്നു എന്നതല്ല, മറിച്ച് മനുഷ്യന്റെ വാക്കുകൾ കേട്ടാൽ അത്തരത്തിൽ തോന്നിപ്പോകും എന്നതാണ്. അത്തരം വാക്കുകൾ നിഷിദ്ധമാണ് എന്ന് മനസ്സിലാക്കിത്തരുന്ന പ്രയോഗമാണത്.

കാലത്തെയും പ്രകൃതിയെയും പഴിക്കുന്നത് കേവലം ഭൗതികവാദത്തിലധിഷ്ഠിതമായ ഒരു ജാഹിലിയ്യ (അജ്ഞാന കാലത്തെ) ചിന്താഗതിയാണ്. വിശുദ്ധ ഖുർആൻ അത്തരം ആളുകളുടെ ചിന്താഗതിയെ ഖുർആനിലൂടെ ഇപ്രകാരം തുറന്നുകാട്ടുന്നു: "അവർ പറഞ്ഞു: 'നമ്മുടെ ഈ ഭൗതിക ജീവിതമല്ലാതെ മറ്റൊന്നുമില്ല. നാം മരിക്കുന്നു, ജീവിക്കുന്നു. കാലം മാത്രമാണ് നമ്മെ നശിപ്പിക്കുന്നത്.' യഥാർഥത്തിൽ അവർക്ക് അതിനെക്കുറിച്ച് യാതൊരു അറിവുമില്ല. അവർ കേവലം ഊഹിക്കുക മാത്രമാണ് ചെയ്യുന്നത്" (45:24).

പ്രപഞ്ചത്തിലെ എല്ലാ ചലനങ്ങളും അല്ലാഹുവിന്റെ അറിവോടും നിശ്ചയത്തോടും കൂടിയാണ് നടക്കുന്നത് എന്ന് മനസ്സിലാക്കി സാഹചര്യങ്ങളെ ക്ഷമയോടെ നേരിടുകയാണ് വിശ്വാസിയുടെ ധർമം.

**വിധിയെ ആക്ഷേപിക്കരുത്**

ജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന നഷ്ടങ്ങളിലും ദുരന്തങ്ങളിലും അല്ലാഹുവിന്റെ വിധിയെ (ഖദ്റിനെ) കുറ്റപ്പെടുത്താൻ പാടില്ല. ഗുണവും ദോഷവും അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണെന്ന ദൃഢവിശ്വാസം നമുക്കുണ്ടാകണം. പരീക്ഷണങ്ങൾ വിശ്വാസിയെ കൂടുതൽ ദൈവത്തിലേക്ക് അടുപ്പിക്കാനുള്ള വഴികളാണ്.

**കാലത്തെ കുറ്റപ്പെടുത്തി സ്വന്തം തെറ്റിനെ മറയ്ക്കരുത്**

മനുഷ്യൻ സ്വന്തം കൈകൾ

**യെല്ലോ, ഓറഞ്ച്, റെഡ് എന്നിങ്ങനെ വിവിധ അലർട്ടുകൾ മാറിമാറി പ്രഖ്യാപിക്കപ്പെടുമ്പോൾ, വിദ്യാലയങ്ങൾക്കും ഓഫീസുകൾക്കും അവധികൾ നൽകുമ്പോൾ നാം തിരിച്ചറിയേണ്ടത് പ്രകൃതിയിലൂടെ സ്രഷ്ടാവ് നമുക്ക് നൽകുന്ന ശക്തമായ ചില താക്കീതുകളെയാണ്. എന്നാൽ നിർഭാഗ്യവശാൽ, ദുരന്തങ്ങളെയും മനുഷ്യന്റെ വിലാപങ്ങളെയും റേറ്റിംഗിന് വേണ്ടിയുള്ള വഴികളാക്കി മാറ്റാനാണ് പല മാധ്യമങ്ങളും ചാനലുകളും മത്സരിക്കുന്നത്.**

കൊണ്ട് വരുത്തിവെക്കുന്ന വിനകളെയും ദുരന്തങ്ങളെയും കാലത്തിന്റെയോ പ്രകൃതിയുടെയോ തലയിൽ കെട്ടിവെച്ച് രക്ഷപ്പെടാൻ ശ്രമിക്കരുത്. മനുഷ്യന്റെ അമിതമായ പ്രകൃതി ചൂഷണവും സ്വാർഥതയും പല ദുരന്തങ്ങൾക്കും കാരണമാകുന്നുണ്ട്. സ്വന്തം തെറ്റുകൾ തിരുത്താതെ കാലത്തെ കുറ്റപ്പെടുത്തുന്നത് ആത്മവഞ്ചനയാണ്.

**മുന്നറിയിപ്പുകൾ അവഗണിക്കരുത്**

ദുരന്ത സാഹചര്യങ്ങളിൽ അധികാരികളും വിദഗ്ധരും നൽകുന്ന ജാഗ്രതാ നിർദേശങ്ങൾ പാലിക്കാൻ നാം ബാധ്യസ്ഥരാണ്. അപകട മേഖലകളിൽ ചെന്ന് സാഹസികത കാണിക്കരുത്,' 'വെള്ളപ്പൊക്കമുള്ള സ്ഥലങ്ങളിൽ ഇറങ്ങരുത്' തുടങ്ങിയ നിർദേശങ്ങൾ അവഗണിക്കുന്നത് വലിയ വിഡ്ഢിത്തമാണ്. സ്വന്തം ജീവനെ അപകടത്തിലാക്കുന്ന ഇത്തരം സാഹസികതകൾ ഇസ്‌ലാം അംഗീകരിക്കുന്നില്ല.

**പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഭരണാധികാരികളുടെയും വിശ്വാസികളുടെയും നിലപാട്**

ഉമർ ബിൻ അബ്ദുൽ അസീസ്(റഹി) തന്റെ ഭരണകാലത്ത് പ്രകൃതിക്ഷോഭങ്ങൾ (ഭൂകമ്പം പോലുള്ളവ) ഉണ്ടായപ്പോൾ തന്റെ ഗവർണർമാർക്കും ജനങ്ങൾക്കും അയച്ച ഒരു കത്തുണ്ട്. ചരിത്രത്തിൽ സുവർണ ലിപികളാൽ രേഖപ്പെടുത്തിയ ആ സന്ദേശം വയനാട്ടിലെയും കേരളത്തിലെയും ഇന്നത്തെ പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വിശ്വാസികൾ ഗൗരവമായി ചിന്തിക്കേണ്ട ഒന്നാണ്:

**ദുരന്തങ്ങൾ ഏതു നിമിഷവും നമ്മെയും തേടിയെത്താം. ഇവിടെ ആരും സുരക്ഷിതരല്ല. നമ്മുടെ അന്ത്യനാൾ നമ്മുടെ മരണമാണ്. മരണത്തോടെ നമ്മുടെ കർമങ്ങളുടെ പുസ്തകം അടയുകയായി. പരലോകത്തെ മീസാനിൽ തൂക്കം വരണമെങ്കിൽ നമ്മുടെ മനസ്സും കർമങ്ങളും ശുദ്ധമായിരിക്കണം. ശിർക്കോ (ബഹുദൈവാരാധന) ബിദ്അത്തോ (അനാചാരങ്ങൾ) കലർന്ന കർമങ്ങൾ അല്ലാഹു സ്വീകരിക്കില്ല.**

ഭൂമി കുലുങ്ങിയപ്പോൾ ഉമർ ബിൻ അബ്ദുൽ അസീസ്(റഹി) തന്റെ ഉദ്യോഗസ്ഥർക്ക് (ഗവർണർമാർക്ക്) ഇപ്രകാരം എഴുതി: "നിങ്ങൾ ജനങ്ങളോട് അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു (തൗബ) മടങ്ങാനും പാപമോചനം (ഇസ്തിഗ്ഫാർ) തേടാനും ദാനധർമങ്ങൾ (സ്വദഖ) ചെയ്യാനും കൽപിക്കുക."

വയനാട്ടിലെ ദുരന്തഭൂമി നമ്മുടെ കണ്ണുകൾ തുറപ്പിക്കേണ്ടതുണ്ട്. അല്ലാഹുവിലേക്ക് മടങ്ങാനും പരസ്പരം സഹായിക്കാനും പാപങ്ങൾ കൈവെടിയാനുമുള്ള വലിയൊരു സന്ദേശമാണ് ഇത്തരം സംഭവങ്ങൾ നമുക്ക് നൽകുന്നത്.

**ദുരന്തങ്ങളുടെ വ്യാപ്തിയും നഷ്ടങ്ങളുടെ വേദനയും**

വലിയൊരു ആപത്ത് വരുമ്പോൾ ചെറിയ നഷ്ടങ്ങൾ നാം മറന്നുപോകും. നമ്മുടെ സ്വന്തം ശരീരത്തിൽ ഉണ്ടാകുന്ന ചെറിയ വേദനകൾ പോലും വലിയൊരു ആപത്തിന് മുന്നിൽ ഇല്ലാതാകുന്നു. ശരീരത്തിൽ ഒരു ചെറിയ മുറിവുണ്ടായാൽ ദിവസങ്ങളോളം നാം വേദനിച്ചു നടക്കാറുണ്ട്. എന്നാൽ വയനാട് ദുരന്തം വന്നപ്പോൾ, അവിടെ മനുഷ്യർക്ക് ജീവനും ജീവിതവും സർവസ്വവും നഷ്ടപ്പെട്ട വാർത്തകൾ അറിഞ്ഞപ്പോൾ നമ്മുടെ ഉള്ളിലെ ചെറിയ പ്രയാസങ്ങളെല്ലാം നാം മറന്നുപോയില്ലേ?

വെള്ളം കുത്തിയൊലിച്ച് വന്നപ്പോൾ സ്വന്തം ജീവൻ മാത്രം കയ്യിലെടുത്ത്, വീടും സമ്പാദ്യവുമെല്ലാം ഉപേക്ഷിച്ച് ഓടേണ്ടി വന്ന മനുഷ്യരുടെ അവസ്ഥ നാം കണ്ടതാണ്. ഇതിലും ഭയാനകമായ, മറ്റെല്ലാം മറന്നുപോകുന്ന ഒരു നാളിനെക്കുറിച്ച് വിശുദ്ധ ഖുർആൻ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. അല്ലാഹുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

"ആ മൂടിയെത്തുന്ന മഹാസംഭവത്തിന്റെ (അന്ത്യനാളിന്റെ) വർത്തമാനം നിനക്ക് ലഭിച്ചിട്ടുണ്ടോ? അന്നേ

ദിവസം ചില മുഖങ്ങൾ താഴ്മകാണിക്കുന്നതും പണിയെടുത്ത് ക്ഷീണിച്ചതുമായിരിക്കും" (ഖുർആൻ 88:1-3)

മറ്റൊരു സ്ഥലത്ത്, അല്ലാഹു പെട്ടെന്ന് വന്നെത്തുന്ന ആ വിപത്തിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "അവർ തർക്കിച്ചുകൊണ്ടിരിക്കെ അവരെ പിടികൂടുന്ന ഒരൊറ്റ ഘോരശബ്ദത്തെയല്ലാതെ മറ്റൊന്നിനെയും അവർ കാത്തിരിക്കുന്നില്ല. അപ്പോൾ ഒരു വസ്വിയ്യത്ത് (മരണപത്രം) എഴുതാൻ പോലും അവർക്ക് സാധിക്കുകയില്ല. സ്വന്തം കുടുംബത്തിലേക്ക് മടങ്ങാനും അവർക്ക് കഴിയില്ല" (ഖുർആൻ: 36:49,50).

ഭൂമിയിൽ ഒരു ചെറിയ കുലുക്കമോ ഉരുൾപൊട്ടലോ ഉണ്ടാകുമ്പോൾ തന്നെ നാം സർവതും മറന്ന് ഓടുന്നുവെങ്കിൽ, ലോകാവസാന സമയത്തെ ഭൂമിയുടെ കുലുക്കം എത്രത്തോളം ഭയാനകമായിരിക്കും! വിശുദ്ധ ഖുർആൻ സൂറത്തുൽ ഹജ്ജിലൂടെ മനുഷ്യകുലത്തെ മുഴുവൻ വിറപ്പുകൊള്ളിക്കുന്ന ആ രംഗം ഇപ്രകാരം വിവരിക്കുന്നു:

"ഹേ മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ. തീർച്ചയായും അന്ത്യനാളിന്റെ പ്രകമ്പനം അതിഭയങ്കരമായ ഒരു കാര്യമാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം; മുലയൂട്ടുന്ന ഓരോ അമ്മയും താൻ മുലയൂട്ടുന്ന കുഞ്ഞിനെക്കുറിച്ച് ബോധമില്ലാത്തവളായിപ്പോകും. ഗർഭവതികളായ ഓരോ സ്ത്രീയും തങ്ങളുടെ ഗർഭസ്ഥ ശിശുവിനെ പ്രസവിച്ചുപോകും. മനുഷ്യരെ ലഹരി ബാധിച്ചവരെപ്പോലെ (ഉന്മത്തരായി) നിനക്ക് കാണാം. എന്നാൽ അവർ ലഹരി ബാധിച്ചവരല്ല, മറിച്ച് അല്ലാഹുവിന്റെ ശിക്ഷ അത്രത്തോളം കഠിനമായതുകൊണ്ടാണ്" (ഖുർആൻ 22:1-2).

ഈ ലോകത്തെ ഓരോ ദുരന്തവും ആ മഹാവിപത്തിന്റെ ചെറുമാതൃകകളാണ്. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ അന്ത്യനാൾ പെട്ടെന്ന് കടന്നുവരുന്ന ചില രംഗങ്ങൾ പ്രവാചകൻ (സ്വ) വ്യക്തമാക്കുന്നുണ്ട്:



"രണ്ടുപേർ തങ്ങളുടെ വസ്ത്രം കച്ചവടത്തിനായി നിവർത്തിവെച്ചിരിക്കുകയായിരിക്കും, അതിനിടയിൽ പെട്ടെന്ന് അന്ത്യനാൾ സംഭവിക്കും; അവർക്കത് വിൽക്കാനോ മടക്കിവെക്കാനോ കഴിയില്ല. ഒരാൾ തന്റെ ഒട്ടകത്തെ കറന്ന പാലുമായി മടങ്ങുകയായിരിക്കും, എന്നാൽ അതവന് കുടിക്കാൻ കഴിയില്ല അപ്പോഴേക്കും അന്ത്യനാൾ വരും. ഒരാൾ തന്റെ മൃഗങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള തൊട്ടി നന്നാക്കുകയായിരിക്കും, അതിൽനിന്ന് മൃഗങ്ങൾക്ക് വെള്ളം കൊടുക്കാൻ അവന് കഴിയില്ല. ഒരാൾ തന്റെ ഭക്ഷണ ഉരുള വായിലേക്ക് ഉയർത്തുകയായിരിക്കും, എന്നാൽ അതവന് കഴിക്കാൻ കഴിയില്ല; അപ്പോഴേക്കും അന്ത്യനാൾ വന്നെത്തും" (ബുഖാരി).

ഇത്രയും പെട്ടെന്നാണ്, അപ്രതീക്ഷിതമായാണ് ആ നാൾ കടന്നുവരിക. അങ്ങനെയെങ്കിൽ ഈ ദുരന്തങ്ങൾക്കിടയിൽ ജീവിക്കുന്ന നാം പരലോകത്തിനായി എന്താണ് ഒരുക്കിവെച്ചിട്ടുള്ളത്?

### നാം ഒരുങ്ങിയോ?

ഇത്തരം ദുരന്തങ്ങൾ നമുക്ക് മുന്നിൽ വന്നുനിൽക്കുമ്പോൾ ആർക്കാണ് ഇതിൽ നിന്ന് രക്ഷപ്പെടാൻ കഴിയുക? അവിടെ ഭൗതികമായ സ്വാധീനങ്ങളോ സമ്പത്തോ ഒന്നും ഉപകാരപ്പെടില്ല. പരലോകത്ത് നമ്മുടെ നന്മതിന്മകൾ തൂക്കിനോക്കുന്ന മീസാനെക്കുറിച്ച് (തുലാസ്) നാം ചിന്തിച്ചിട്ടുണ്ടോ?

വിശുദ്ധ ഖുർആൻ പറയുന്നു: "എന്നാൽ ആരുടെ (നന്മയുടെ)

തൂക്കങ്ങൾ കനത്തുപോയോ അവൻ തൃപ്തികരമായ ജീവിതത്തിലായിരിക്കും. എന്നാൽ ആരുടെ തൂക്കങ്ങൾ ലഘുവായിപ്പോയോ (കുറഞ്ഞുപോയോ) അവന്റെ അഭയകേന്ദ്രം 'ഹാവിയ' ആയിരിക്കും. അതെന്താണെന്ന് നിനക്കറിയാമോ? അത് കത്തിയെരിയുന്ന ചൂടുള്ള നരകാഗ്നിയാകുന്നു" (101:6-11).

ദുരന്തങ്ങൾ ഏതു നിമിഷവും നമ്മെയും തേടിയെത്താം. ഇവിടെ ആരും സുരക്ഷിതരല്ല. നമ്മുടെ അന്ത്യനാൾ നമ്മുടെ മരണമാണ്. മരണത്തോടെ നമ്മുടെ കർമങ്ങളുടെ പുസ്തകം അടയുകയായി. പരലോകത്തെ മീസാനിൽ തൂക്കം വരണമെങ്കിൽ നമ്മുടെ മനസ്സും കർമങ്ങളും ശുദ്ധമായിരിക്കണം. ശിർക്കോ (ബഹുദൈവാരാധന) ബിദ്അത്തോ (അനാചാരങ്ങൾ) കലർന്ന കർമങ്ങൾ അല്ലാഹു സ്വീകരിക്കില്ല.

'നീ അല്ലാഹുവിന് പങ്കുകാരെ ചേർത്താൽ തീർച്ചയായും നിന്റെ കർമങ്ങൾ നിഷ്ഫലമായിപ്പോകും,' എന്ന ഖുർആനിന്റെ മുന്നറിയിപ്പും 'എല്ലാ ബിദ്അത്തുകളും (മതത്തിൽ കടത്തിക്കൂട്ടിയ അനാചാരങ്ങൾ) വഴികേടാകുന്നു' എന്ന പ്രവാചക വചനവും നാം എപ്പോഴും ഓർക്കണം.

ആത്മപരിശോധനയുടെ ഭാഗമായി നമ്മൾ ഓരോരുത്തരും സ്വന്തത്തോട് ചില ചോദ്യങ്ങൾ ചോദിക്കേണ്ടതുണ്ട്: നമ്മുടെ ഈമാൻ അഥവാ സത്യവിശ്വാസം സുദൃഢമാണോ? നമ്മുടെ അഞ്ച് നേരത്തെ നമസ്കാരങ്ങളുടെ അവസ്ഥയെന്താണ്; നാം അത് കൃത്യമായി നിർവഹിക്കുന്നുണ്ടോ? ഖുർആനുമായുള്ള നമ്മുടെ ബന്ധം എത്രത്തോളമുണ്ട്.

**പരീക്ഷണങ്ങൾ വരുന്നത് ചിലപ്പോൾ നമ്മുടെ തെറ്റുകൾ കാരണമാകാം. അല്ലാഹു നമ്മെ പരീക്ഷിക്കുന്നത് ശിക്ഷിക്കാനല്ല, മറിച്ച് തിരുത്തിക്കാനാണ്. ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെട്ടത് പ്രവാചകന്മാരാണ് എന്ന ബോധ്യം നമുക്കുണ്ടാകണം. നിരപരാധികൾ എന്തു പിഴച്ചു എന്ന ചോദ്യം ഉന്നയിക്കുന്നതിൽ അർഥമില്ല. അവരുടെ ഓരോരുത്തരുടെയും ആയുസ്സ് സ്രഷ്ടാവ് ആദ്യമെ തീരുമാനിച്ചതാണ്. അവധിയെത്തുമ്പോൾ തിരിച്ചുപോക്ക് അനിവാര്യമാണ്.**

നമ്മുടെ ഒഴിവുസമയങ്ങൾ നാം ഏതു വഴിക്കാണ് വിനിയോഗിക്കുന്നത്? ആത്മീയ മാർഗത്തിൽ സമയം ചെലവഴിക്കാറുണ്ടോ? നമ്മുടെ സാമ്പത്തിക രംഗം എത്രമാത്രം ശുദ്ധമാണ്? പലിശയോ ഹറാമായ സമ്പാദ്യങ്ങളോ അതിൽ കലർന്നിട്ടുണ്ടോ? ലൈംഗിക വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ ജാഗ്രത പാലിക്കാറുണ്ടോ? ലഹരി വസ്തുക്കളുടെ മായികലോകം നമ്മെ ആകർഷിച്ചിട്ടുണ്ടോ?

### ഈ ദുരന്തങ്ങൾ യാദൃച്ഛികമല്ല

പരീക്ഷണങ്ങൾ വരുന്നത് ചിലപ്പോൾ നമ്മുടെ തെറ്റുകൾ കാരണമാകാം. അല്ലാഹു നമ്മെ പരീക്ഷിക്കുന്നത് ശിക്ഷിക്കാനല്ല, മറിച്ച് തിരുത്തിക്കാനാണ്. ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെട്ടത് പ്രവാചകന്മാരാണ് എന്ന ബോധ്യം നമുക്കുണ്ടാകണം. നിരപരാധികൾ എന്തു പിഴച്ചു എന്ന ചോദ്യം ഉന്നയിക്കുന്നതിൽ അർഥമില്ല. അവരുടെ ഓരോരുത്തരുടെയും ആയുസ്സ് സ്രഷ്ടാവ് ആദ്യമെ തീരുമാനിച്ചതാണ്. അവധിയെത്തുമ്പോൾ തിരിച്ചുപോക്ക് അനിവാര്യമാണ്.

ദുരന്തങ്ങളിൽ എല്ലാം നഷ്ടപ്പെട്ടവരെ മിക്കവാറും എല്ലാ ചാനലുകാരും റേറ്റിംഗിനായി ഉപയോഗിക്കുന്ന അവസ്ഥയാണുള്ളത്. വിശ്വാസി അവരെ ചേർത്തുപിടിക്കുകയും ആശ്വസിപ്പിക്കുകയും സാധ്യമാകുന്ന എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും വേണം. ഈ ലോകം യഥാർഥ ജീവിതമല്ല, പരലോകമാണ് ശാശ്വതമായ വിജയത്തിന്റെ ലോകം എന്ന് അവരെ ഓർമിപ്പിക്കണം.

വിശുദ്ധ ഖുർആൻ ഈ ഭൗതിക ജീവിതത്തിന്റെ യാഥാർഥ്യം ഇപ്രകാരം വ്യക്തമാക്കുന്നു: "ഈ ഐഹികജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും പരലോക ഭവനമാണ് യഥാർഥ

ജീവിതം. അവർ അത് മനസ്സിലാക്കിയിരുന്നുവെങ്കിൽ!" (ക്വുർആൻ 29:64).

യഥാർഥ വിജയം പരലോക വിജയമാണ്. ദുരന്തങ്ങളിൽ പെട്ട് മരണപ്പെടുന്ന വിശ്വാസികൾക്ക് പ്രവാചകൻ(സ്വ) ശഹീദിന്റെ (രക്തസാക്ഷിയുടെ) പദവിയാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. 'മുങ്ങിമരിച്ച വൻ ശഹീദാണ്,' 'കെട്ടിടങ്ങളോ മണ്ണോ ഇടിഞ്ഞുവീണുമരിച്ചവൻ ശഹീദാണ്' എന്ന് പ്രവാചകൻ (സ്വ) അറിയിച്ചിട്ടുണ്ട്.

**എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു?**

ഇത് യാദൃച്ഛികമല്ല, എല്ലാം അല്ലാഹുവിന്റെ കിതാബിൽ (ലൗഹുൽ മഹ്ഫൂദിൽ) രേഖപ്പെടുത്തിയ പ്രകാരമാണ് നടക്കുന്നത്. വിശുദ്ധ ക്വുർആൻ പറയുന്നു: "ഭൂമിയിലോ നിങ്ങളുടെ സ്വന്തം ശരീരങ്ങളിലോ യാതൊരു വിപത്തും ബാധിക്കുകയുണ്ടായിട്ടില്ല, അതിനെ നാം സൃഷ്ടിക്കുന്നതിന് മുമ്പുതന്നെ ഒരു രേഖയിൽ (കിതാബിൽ) ഉള്ളതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാ കുന്നു" (ക്വുർആൻ 50:22).

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ ബോധ്യം വലിയൊരു ആശ്വാസമാണ്. പ്രവാചകൻ (സ്വ) പഠിപ്പിച്ച ഒരു പ്രാർഥന നാം എപ്പോഴും ഓർക്കേണ്ടതുണ്ട്: "അല്ലാഹുവേ, നീ നൽകിയതിനെ തടയാൻ ആരുമില്ല. നീ തടഞ്ഞതിനെ നൽകാനും ആരുമില്ല. നിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കാൻ ഒരു സമ്പന്നന്റെ സമ്പത്തിനും സാധിക്കുകയില്ല."

**ബാക്കിയുള്ളവർ ഇനി എങ്ങനെ ജീവിക്കും?**

ഒന്നുമില്ലായ്മയിൽനിന്ന് നമ്മെ സൃഷ്ടിച്ചവനാണ് അല്ലാഹു. നമുക്ക് എല്ലാം നൽകിയതും അവനാണ്.

**മഴക്കാലത്ത് മാധ്യമങ്ങൾ ഉണ്ടാക്കുന്ന നരേറ്റീവുകളെ തിരിച്ചറിയുക. അവർ തീർത്തും ഭൗതികതയുടെ കണ്ണടയിലൂടെയാണ് നോക്കിക്കാണുന്നത്. വിശ്വാസിയാകട്ടെ, വരാനിരിക്കുന്ന പരലോകത്തെ കൂടി മുന്നിൽ വച്ചുകൊണ്ടാണ് ഈ ലോകത്തെ സുഖദുഃഖങ്ങളെ വിലയിരുത്തുന്നത്. രണ്ടും രണ്ട് കാഴ്ചപ്പാടുകളാണ്. ഭൗതികതയുടെ കാഴ്ചപ്പാടിൽ വിലയിരുത്തുന്നവർക്ക് പലതിനും ഉത്തരം ലഭിക്കുകയില്ല. എന്നാൽ പരലോക വിശ്വാസമുള്ളവർക്ക് ഇത്തരം ഘട്ടങ്ങളെ സമഗ്രമായി വിലയിരുത്തുവാനും ഉൾക്കാഴ്ചയോടുകൂടി കാര്യങ്ങളെ നോക്കിക്കാണാനും ഏത് ചോദ്യങ്ങൾക്കും ഉത്തരം നൽകുവാനും സാധിക്കും.**

അവൻ വിചാരിച്ചാൽ ഏതുനിമിഷവും നമ്മെ ഉയർത്താൻ അവന് കഴിയും. വിശുദ്ധ ക്വുർആൻ വ്യക്തമാ ക്കുന്നത് പോലെ: "ഐശ്വര്യം നൽകുകയും സംതൃപ്തി വരുത്തുകയും ചെയ്തത് അവൻ തന്നെയാണ്" (ക്വുർആൻ 53:48).

ദുരന്തത്തിൽ സ്വന്തക്കാർ മരണപ്പെട്ട, പാർപ്പിടം ഇല്ലാതായ, പരിക്കുകളോടെ രക്ഷപ്പെട്ട വിശ്വാസികൾ നിരാശരാകാതെ, തളർന്നുപോകാതെ, വിധിയെയും ദൈവത്തെയും പഴിക്കാതെ ഇഹലോക ജീവിതം ശാശ്വതമല്ലെന്ന സത്യം ഓർത്തുകൊണ്ട് പ്രാർഥനയോടെ ജീവിക്കുകയാണ് വേണ്ടത്. വീടുകൾ ദൈവസ്മരണകൊണ്ടും പരസ്പര സ്നേഹംകൊണ്ടും സമ്പന്നമാക്കുക. മഴക്കാലത്ത് മാധ്യമങ്ങൾ ഉണ്ടാക്കുന്ന നരേറ്റീവുകളെ തിരിച്ചറിയുക. അവർ തീർത്തും ഭൗതികതയുടെ കണ്ണടയിലൂടെയാണ് ഈ വിഷയങ്ങളെ നോക്കിക്കാണുന്നത്. വിശ്വാസിയാകട്ടെ, വരാനിരിക്കുന്ന പരലോകത്തെ കൂടി മുന്നിൽ വച്ചുകൊണ്ടാണ് ഈ ലോകത്തെ സുഖദുഃഖങ്ങളെ വിലയിരുത്തുന്നത്. രണ്ടും രണ്ട് കാഴ്ചപ്പാടുകളാണ്. ഭൗതികതയുടെ കാഴ്ചപ്പാടിൽ വിലയിരുത്തുന്നവർക്ക് പലതിനും ഉത്തരം ലഭിക്കുകയില്ല. എന്നാൽ പരലോക വിശ്വാസമുള്ളവർക്ക് ഇത്തരം ഘട്ടങ്ങളെ സമഗ്രമായി വിലയിരുത്തുവാനും ഉൾക്കാഴ്ചയോടുകൂടി കാര്യങ്ങളെ നോക്കിക്കാണാനും ഏത് ചോദ്യങ്ങൾക്കും ഉത്തരം നൽകുവാനും സാധിക്കും. ഇക്കാര്യം നാം തിരിച്ചറിയണം. തിന്മകളിൽനിന്നും അകന്ന്, നന്മയുടെ പാതയിലൂടെ സഞ്ചരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ■

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



قَالُوا وَهُمْ فِيهَا يَخْتَصِمُونَ ﴿٩٦﴾

96. അവിടെ വെച്ച് അന്യോന്യം വഴക്ക് കൂടിക്കൊണ്ടിരിക്കെ അവർ പറയും:

تَاللَّهِ إِن كُنَّا لَفِي ضَلَالٍ مُّبِينٍ ﴿٩٧﴾

97. അല്ലാഹുവാണ സത്യം! ഞങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു.

إِذْ نُسَوِّيكُم بِرَبِّ الْعَالَمِينَ ﴿٩٨﴾

98. നിങ്ങൾക്ക് ഞങ്ങൾ ലോകരക്ഷിതാവിനോട് തുല്യത കൽപിക്കുന്ന സമയത്ത്.

*96-97) (അവർ പറയും:) വഴിപിഴച്ച ഇബ്‌ലീസിന്റെ സൈന്യം. അവർ ആരാധിച്ചിരുന്ന ബിംബങ്ങളോടും വിഗ്രഹങ്ങളോടും പറയും: (അല്ലാഹുവാണ് സത്യം, നിങ്ങൾക്ക് ഞങ്ങൾ ലോകരക്ഷിതാവിനോട് തുല്യത കൽപിക്കുന്ന സമയത്ത് ഞങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു) ആരാധനയുടെയും സ്നേഹത്തിന്റെയും ഭയത്തിന്റെയും പ്രത്യാശയുടെയും കാര്യത്തിൽ നിങ്ങളെ ലോകരക്ഷിതാവിനോട് തുല്യമായി കണക്കാക്കിയപ്പോൾ ഞങ്ങൾ വ്യക്തമായ വഴികേടിലായിരുന്നെന്ന് ഞങ്ങൾക്ക് വ്യക്തമായിമായി. അവനെ വിളിച്ചപോലെ ഞങ്ങൾ നിങ്ങളെയും വിളിച്ചു പ്രാർഥിച്ചു. അല്ലാഹു അവരെ ശിക്ഷിക്കുന്നതിൽ നീതിമാനാണെന്നും അത് ഉചിതമാണെന്നും അവർ സമ്മതിക്കും. അവൻ ലോകരക്ഷിതാവാണെന്ന് അവർ അംഗീകരിച്ചിരുന്നില്ല. ആരാധനയിലാണ് തുല്യത കൽപിച്ചത്; സൃഷ്ടിപ്പിലല്ല. അതാണ് (ലോകരക്ഷിതാവിനോട്) എന്ന പ്രയോഗത്തിൽനിന്ന് മനസ്സിലാകുന്നത്. എല്ലാവരുടെയും രക്ഷിതാവ് അല്ലാഹുവാണെന്ന് അവർ അംഗീകരിച്ചിരുന്നു; അവരുടെ ബിംബങ്ങളുടെയും വിഗ്രഹങ്ങളുടെയും പോലും രക്ഷിതാവ്.*

99. ഞങ്ങളെ വഴിപിഴപ്പിച്ചത് ആ കുറ്റവാളികളല്ലാതെ മറ്റാരുമല്ല.

وَمَا أَضَلَّنَا إِلَّا الْمُجْرِمُونَ ﴿٩٩﴾

*99) (ഞങ്ങൾ വഴിതെറ്റിച്ചിട്ടില്ല) ശരിയായ വഴിയിൽനിന്നും സന്മാർഗത്തിൽനിന്നും ഞങ്ങളെ തെറ്റിക്കുകയും അധർമത്തിലേക്കും വഴികേടിലേക്കും ഞങ്ങളെ ക്ഷണിക്കുകയും ചെയ്തത് (ആ കുറ്റവാളികളല്ലാതെ മറ്റാരുമല്ല).*

100. ഇപ്പോൾ ഞങ്ങൾക്ക് ശുപാർശക്കാരായി ആരുമില്ല.

فَمَا لَنَا مِن شَافِعِينَ ﴿١٠٠﴾

*100). (ഞങ്ങൾക്ക് ആരുമില്ല) അന്നേരം. (ശുപാർശക്കാരായി) ഞങ്ങൾക്ക് ശുപാർശ ചെയ്യാനും ശിക്ഷയിൽനിന്ന് ഞങ്ങളെ രക്ഷപ്പെടുത്താനും.*

101. ഉറ്റ സുഹൃത്തുമില്ല.

وَلَا صَدِيقٍ حَمِيمٍ ﴿١٠١﴾

*101). (ഉറ്റ സുഹൃത്തുമില്ല) ഈ ലോകത്ത് സാധാരണ സംഭവിക്കുന്നതുപോലെ അടുത്ത ഒരു സുഹൃത്തും ഇല്ല. അതായത് ഏതെങ്കിലും വിധത്തിൽ സഹായിക്കാൻ കഴിയുന്ന ആത്മാർഥ സുഹൃത്ത്. അവർക്ക് എല്ലാ പ്രതീക്ഷയും നഷ്ടപ്പെടും. അവർ ചെയ്തതിന്റെ ഫലമായി അവർ നിരാശപ്പെടും. മടങ്ങിപ്പോകാൻ ആഗ്രഹിക്കും; സൽപ്രവർത്തനങ്ങൾ ചെയ്യാനും.*

102. അതിനാൽ ഞങ്ങൾക്കൊന്നു മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ! എങ്കിൽ ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാകുമായിരുന്നു.

فَلَوْ أَنَّ لَنَا كَرَّةً فَنَكُونَ مِنَ الْمُؤْمِنِينَ ﴿١٠٢﴾

*102). (അതിനാൽ ഞങ്ങൾക്ക് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ) ഇഹലോകത്തിലേക്ക് ഒരു തിരിച്ചുപോക്ക് അവർ ആഗ്രഹിക്കും. (എങ്കിൽ ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിൽ ആകുമായിരുന്നു) ശിക്ഷയിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനും പ്രതിഫലത്തിന് അർഹരായിരിക്കുന്നതിനും വേണ്ടി ഞങ്ങൾ വിശ്വാസികളുടെ കൂട്ടത്തിലാകും. എന്നാൽ ഇത് സംഭവിക്കാൻ ഒരു വഴിയുമില്ല. അവരുടെ ആഗ്രഹത്തിൽനിന്ന് അവർ തടയപ്പെടും. സ്വയം വീണ്ടെടുക്കാൻ അവർക്ക് അവസരമില്ല.*

103. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.

104. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٠٣﴾

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٠٤﴾

*103,104). (തീർച്ചയായും അതിൽ) നാം നിങ്ങൾക്ക് വിവരിച്ചുതന്നതിൽ നിങ്ങൾക്ക് (ഒരു ദൃഷ്ടാന്തമുണ്ട്). ഈ ദൃഷ്ടാന്തങ്ങൾ ഇറക്കപ്പെട്ടിട്ടും (അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല).*



# പൂപോലുള്ളൊരു പൂമ്പാറ്റ

നസീമ വാടാനപ്പള്ളി

പൂവിലിരിക്കും പൂമ്പാറ്റ
പൂപോലുള്ളൊരു പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
പാരിന്നഴകാം പൂമ്പാറ്റ
ഇത്തിരി കുഞ്ഞൻ ഉണ്ടല്ലോ
ഒത്തിരി വലുതും ഉണ്ടല്ലോ
ചിറകിനു പല പല നിറമാണേ
പുള്ളികളെന്തൊരു രസമാണേ!
സുന്ദരമാം പൂമ്പാറ്റകളെ
ആരു പടച്ചെന്നറിയാമോ?
അല്ലാഹു, അവനാണല്ലോ
പൂമ്പാറ്റകളുടെ സ്രഷ്ടാവ്
എല്ലാമെല്ലാം സൃഷ്ടിച്ച
റബ്ബൊരുവൻ അവനാണല്ലോ.



# തിരിച്ചറിവിന്റെ വെളിച്ചം

ഹലീമ ബിൻത് ഇഅ്ജാസ്
ക്ലാസ്-9, മദ്റസതു ഹിമായത്തുൽ ക്വുർആൻ
കുഞ്ഞിപ്പള്ളി, കോഴിക്കോട് നോർത്ത്

പത്ത് സ്വർഗാവകാശികളെ കുറിച്ച് ഞാൻ പഠിച്ചിട്ടുണ്ട്. അവരിൽപെട്ട അബു ഉബൈദത്ത് ഇബ്നുൽ ജർറാഹി(റ)ന് ദുനിയാവിനോട് കടുത്ത വിരക്തിയായിരുന്നു. ഞാൻ ആ സ്വഹാബിയെ കുറിച്ച് കുറെ ചിന്തിച്ചു. ഇപ്പോൾ എനിക്കും ദുനിയാവിനോട് വിരക്തിയാണ്. കാരണം പരലോകമാണ് എന്നെന്നും നിലനിൽക്കുന്നത്; ഇഹലോകമാകട്ടെ നശിക്കുന്നതുമാണ്.

'പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുന്നു. പരലോകമാകട്ടെ ഏറ്റവും ഉത്തമവും കൂടുതൽ ശേഷിക്കുന്നതുമാണ്' എന്ന ക്വുർആൻ വചനവും ആ സ്വഹാബിയുടെ ചരിത്രവുമാണ് എനിക്ക് ദുനിയാവിനോട് വിരക്തി തോന്നാൻ കാരണം.

ദുനിയാവിനോട് വിരക്തി തോന്നിയാൽ നമുക്ക് കുറെ നേട്ടങ്ങൾ ഉണ്ടാവും. നമ്മൾ ഹറാമുകളിൽ നിന്ന് വിട്ടുനിൽക്കും, നമസ്കാരം അതിന്റെ കൃത്യസമയത്ത് നിർവഹിക്കും, സൽകർമങ്ങൾ പ്രവർത്തിക്കും, നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യും, അല്ലാഹു കൽപിച്ച കാര്യങ്ങൾ അനുസരിക്കും; അങ്ങനെ ധാരാളം നന്മകൾ ചെയ്യാൻ നമുക്ക് സാധിക്കും. ദുനിയാവിനോടുള്ള വിരക്തിയുടെ ഉദ്ദേശ്യം അല്ലാഹു അനുവദിച്ച കാര്യങ്ങൾ പോലും ഒഴിവാക്കി ജീവിക്കുക എന്നതല്ല, ദുനിയാവിനോട് അമിതമായ താൽപര്യം കാണിക്കുകയും അതിനാൽ പരലോകത്തെ മറക്കുകയും ചെയ്യുക എന്ന അവസ്ഥ ഇല്ലാതാകലാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അത്തരക്കാർക്കാണ് സ്വർഗത്തിൽ പ്രവേശിക്കാനും സാധിക്കുക.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 18 July 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

WISDOM students

To the Right Goal..
Through the Right Path..

30th

WISDOM

# PROFCON

PROFESSIONAL STUDENTS
GLOBAL CONFERENCE

2026 SEPT 11 12 13

PALAKKAD

SCAN TO REGISTER

www.profcon.in

Wisdom Islamic Students Organization
CV Complex, PV Swami Road, Calicut-2

+91 8156 812 292
wisdomstudents